# ചിത്രോദയം

മലയാള പുരോഗമന വാരിക

## വിഷയവിവരം.

പാടാനും പാടില്ലേ? — (കവിത)
ചങ്ങമ്പുഴ 3

നല്ലയാൾ — (ചെറുകഥ)
കാരൂർ നീലകണ്ഠപ്പിള്ള 4

നാവികയുദ്ധം — (ലേഖനം)
പി. കെ. കരുവിള ബി. ഏ. 6

റഷ്യയും മതവും— കാന്റർബറി ഡീൻ 8

ഇന്ത്യൻ സ്വാതന്ത്ര്യപ്രശ്നം—(ലേഖനം)
കെ. സി. സഖറിയ എം. ഏ; എൽഎൽ. ബി. 9

ഈച്ചകൾ— (ലേഖനം)
ആർ. സുഗതൻ 11

പതിമൂന്നാംപേജ് — ബാലൻ 13

കരച്ചിൽ പ്രക്ഷോഭണം — (വിനോദഭാവന)
കണാരൻ 15

ഗ്രന്ഥവിഹാരം — പി. ദാമോദരൻപിള്ള ബി. ഏ. 16

രണമാടാൻ — (കവിത)
തിരുവാർപ്പ് ബാലൻ 16

താരുണ്യം താരുണ്യത്തിന്റെ പിമ്പേ — (ചെറുകഥ)
പി. എ. ഖാദിർ 19

XXV (18)
Dec: 16, 1945

വില 2 ണ.

# ശാസ്ത്രഗ്രന്ഥങ്ങൾ

**കാമസൂത്രം** (രണ്ടാംപതിപ്പ്)

(വാത്സ്യായന പ്രോക്തം) കണക്കറിയാത്ത കണക്കനും, ഔഷധനിദാനം അറിയാത്ത വൈദ്യനും, കാമസൂത്രം പഠിച്ചിട്ടില്ലാത്ത യുവതീയുവാക്കളും ഒന്നുപോലെന്നാണ് വാത്സ്യായനമഹർഷി പറയുന്നത്. ദാമ്പത്യജീവിതം വിജയപ്രദമാകണമെങ്കിൽ കാമസൂത്രം വായിക്കണം.

വില രൂ. 2 ണ. 8

## ഹസ്തരേഖാശാസ്ത്രം (രണ്ടാംപതിപ്പ്)

കൈറോയുടെ Language of the Hand എന്ന ഗ്രന്ഥത്തിന്റെ ശരിതർജ്ജിമ. കൈനോട്ടം തൊഴിലായി സ്വീകരിച്ചിരിക്കുന്നവർക്കും അഭ്യസിക്കേണ്ടവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന മലയാളത്തിലെ ഏകഗ്രന്ഥം.

വില 2 രൂ 8 ണ.

## ജൂഡിത്ത്.

നവരസം തുളുമ്പുന്ന ഒരു ഒന്നാംതരം ആഖ്യായിക.

ഡെമ്മി എട്ടിൽ 332 പേജുള്ള വലിയ പുസ്തകത്തിനു വില രൂ. 2 മാത്രം.

## ഫോട്ടോ

കാതോലിക്കാബാവാ, മാർത്തോമ്മാ വലിയമെത്രാപ്പോലീത്താ, ബിഷപ്പ് സി. കെ. ജേക്കബ് എന്നീ തിരുമേനിമാരുടെയും, ഗാന്ധിജി, പണ്ഡിതജവഹർലാൽ നെഹ്റ, മി. എം. എ. ജിന്നാ എന്നീ ഭാരതീയനേതാക്കന്മാരുടെയും സ്റ്റാമ്പുവലിപ്പത്തിലുള്ള ഒന്നാന്തരം ഫോട്ടോകൾ വില്പാനുണ്ട്.

1-നു 4 ണ. 12—നു 2½ ക. 100—നു 17 1/2 ക.

2 1/2 ക. യിൽ കുറഞ്ഞു വി. പി. അയയ്ക്കുന്നതല്ല. അതിൽ കുറഞ്ഞ വിലയ്ക്കു വേണ്ടവർ വിലയും രജിസ്റ്റർ ചെലവിനുള്ള 4 ചക്രമോ 5 അണയോ കൂടിയും 6 കാശു തിരുവിതാംകൂർ സ്റ്റാമ്പായോ കാൽ അണ തപ്പാൽസ്റ്റാമ്പായോ അയച്ചുപേക്ഷിക്കണം.

വി. പി. ചെലവു പുറമെ.

## പൌരപ്രഭ ബുക്ക്ഡിപ്പോ,

കോട്ടയം-തിരുവിതാംകൂർ.

# പാടാനോ പാടില്ലേ?

(ചങ്ങമ്പുഴ)

ഉണ്ടിരുൾക്കുഴലുകളൊരു കെട്ടുമണി,യൊരു
വെണ്ണിലാവും രണ്ടു കുട്ടുമുണ്ടിന്നും— (കൊച്ചു
ഉണ്മാത്രം—വിഹരിക്കുകയാണുഞാനിവതീർത്ത
സവിലാസഗാന്ധർവനഗരമൊന്നിൽ!
ആരാട്ടുകളോരോന്നാച്ചാരുസംഗീതപ്പുഴതീർത്ത–
ലാറാട്ടുകയാണീപ്രപഞ്ചമെല്ലാം! (തി
മതികവരും വിവിധതരലയതരളനിസ്വനം
മദതരിതനർത്തനം, മധുരഗാനം.
പുലമാടമല്ലതു, പുലയന്മാരല്ലവർ,
പുളകത്തിൻ നാടവരോ ദേവദൂതർ!......

മലനാട്ടിൽ മകരമെത്തി, കളമെല്ലാം മെതി
പുലയന്റെ മനസ്സിൽപ്പൊന്നോണമെത്തി. (നിർത്തി
കഠിനപ്രയത്നത്തിൽ മരടിച്ച ജീവിതവും
കലയുമ്മവെച്ചപ്പോൾപ്പുളകം ചാർത്തി.
അടിമകളവരൊന്നു പാടിക്കൂത്താടിട–
ട്ടവനിയിലാർക്കതിലെന്തു ചേതം?
ഒരു രാത്രിയിൽമാത്രം—മതി,പൊന്നുള്ളുംനാള
പ്പൊരിവെയിലിൽ വയലിലവർ കട്ടതല്ലാൻ (ഞെത്ത
ഒരുരാത്രിയിലെങ്കിലുംനിങ്ങൾതൻസ്വപ്നങ്ങ–
ളൊരു ശകലമെങ്കിലും സ്വാദുനോക്കാൻ,
അരുളണേ സമ്മതം മേലാളരേ നിങ്ങ–
ളവരുമൊന്നോർക്കു മനുഷ്യരല്ലേ?
രക്തവും മാംസവും സ്പന്ദിക്കും ഹൃദയവും
സ്വപ്നങ്ങളുമവർക്കില്ലേ?.......

മത്സ്യക്കറി,മദ്യത്തെളി,സംഗീതം,നൃത്തമി–
യുത്സവരാത്രിയിവർക്കെത്ര ഹൃദ്യം!
കുളിർമലകളിളകിയും, കടമിഴികൾ കുമ്പിയും
കുടിലായതകുന്തളമൂർന്നുലഞ്ഞും,
ഉപകരണസ്ഥാനങ്ങൾക്കൊപ്പിച്ചു ചുവടുവെ–
ച്ചുപഹിതമദഭരഹൃദയകളായ്,
അതിലളിതപ്രാകൃതനടനങ്ങളാടുന്നി–
തുദിതരസമവരുടെ പെൺകൊടിമാർ!.......

ഞാനുമൊരുതൊണ്ടുകുടിക്കുകിലോ,തത്തിയ–
ളാനന്ദപ്രവാഹത്തിലൊഴുകുകിലോ!
സകലവും വിസ്മരിച്ചപ്പെൺകൊടിമാരൊന്നിച്ചു
സരസം കൈകോർത്തുനിന്നാടുകിലോ!
വൃന്ദാവനരംഗമത്, വ്രജസുന്ദരിമാരവർ
നന്ദാത്മജനായി ഞാൻ നടുവിൽനിൽക്കിൽ!—
ഒരുരാത്രിയിൽമാത്രം—മതി, നാളെത്തൊട്ടെൻമണി
മരവിച്ചുപോകില്ലെന്നാരു കണ്ടു? (തടി
മരവിച്ചവ മരവിച്ചവ—നാളത്തെലോകത്തിൻ
മാവികളല്ലല്ലീ നമ്മളെല്ലാം?...
മതിമനമേ വിഭ്രമം!—തങ്ങുന്നു സംസ്കാരം
ചതയുന്നുമൂല്യാർദ്ധകലാപ്രാന്ത്യം!...

കന്നിയിളംതിങ്കൾ,കനകോജ്ജ്വലതാരകൾ
കളശുഭ്ര രജതവലാഹകകൾ;
തലയാട്ടുംതരുനിരകൾ, തൈത്തെന്നൽ— മതി–
ത്തലവുംഹൃദയോത്തേജകമായിരുന്നു!...(ൻപശ്ചാ

ശശികിരണമാലകൾതൻകുളിർമിഴിപ്പന്ത–
ശകലിതചിഷമാവിഭാസിനികൾ, (ഖിൽ
അവരോടിടചേർന്നുകൈകോർത്തുനിന്നാക്കരി–
ച്ചമരാത്മകഭാസുരനൃത്തമാടി.
അതിനിലയമേകമാണെന്നപോൽ രാക്കിളികൾ
മതിമറന്നങ്ങനെ പാട്ടുപാടി.

അവർ ചെറുമികൾ ദേവകളൊരു പക്ഷം
ഭൂദേവന്മാർ നാമവർ മൂഢവശ്യം;
ഇവരുടെ ചൈതന്യത്തിലെൻമനസ്പന്ദങ്ങൾ
കവിതകുടിച്ചുമദിച്ചുനിന്നു!

തളരുന്നതില്ലാരും—പിന്നെയും സംഗീതം
തരളായതമിഴിമാരുടെ നൃത്തഭേദം.
പുലമയനനുനിമിഷം ലയിച്ചുനമി–
പ്പുളകത്തിൻ രാവേ, നീ പുലരരുതേ!
ഉണരിപ്പോൾഗന്ധർവർ—പുലർവെട്ടം ചിന്നുന്നോ
ശിവനേ, ഞാൻ പെട്ടെന്നൊരു ഞെട്ടുഞെട്ടി!
“ആരഴാണ്ട സാമ്പ്രാനോ?”—പിന്നിൽനിന്നി
ന്നൊരുശബ്ദം!
“ക്രോഴപ്പുറമഴകരം കൂടിയുണ്ടോ?”......

ഗാനം നിലച്ചു, പൊടുന്നനവേ നർത്തനം
താനേ നിലച്ചു—പകച്ചു ഞങ്ങൾ.
കഷ്ടം,മിക്കനിയസ്വർഗ്ഗത്തിൻനടുവിലൊരു
കട്ടുറുമ്പതിങ്ങനെ ചാടിവീണോ?

(മംഗളം)

ചെറുകഥ.

# നല്ലയാൾ

( കാരൂർ നീലകണ്ഠപ്പിള്ള )

ഒരു ഗ്രാമപ്രദേശത്താണു്. വഴിവക്കിനുള്ള ഒരു വീട്ടിലേക്കു് അയാൾ കേറിച്ചെന്നു. നല്ല മര്യാദക്കാരന്റെ മുഖഭാവം. സാമാന്യം കാലക്ഷേപത്തിനു വകയുള്ളവന്റെ വേഷം. ഒരു മുപ്പത്തിയഞ്ചു വയസ്സു പ്രായവും. ആ വീട്ടിലെ അമ്മയോടു അയാൾ കുറച്ചു നല്ല പച്ചവെള്ളം വാങ്ങി കുടിച്ചു.

"എന്തു ചൂടു്"! തന്നത്താൻ പറഞ്ഞു.

വീട്ടുകാരി ചോദിച്ചു.

"എവിടുന്നാ? എങ്ങോട്ടാ?" അയാൾ പറഞ്ഞു "കൊല്ലത്താണു വീടു്. ശാസ്താംകോട്ടവരെ ഒന്നു പോകണം."

വെയിലിന്റെ ക്രൂരതകൊണ്ടു് അയാൾക്കവിടെ കുറച്ചുനേരം ഇരുന്നാൽകൊള്ളാമെന്നുണ്ടു്. വർത്തമാനം പറയാൻ ഒരാളിനെ കിട്ടിയതിലുള്ള സന്തോഷം വല്യമ്മയ്ക്കുമുണ്ടു്. അയാൾക്കു വീശാനൊരു വിശറിയും മുറുക്കാൻ താമ്പാളവും കൊടുത്തിട്ടു് വല്യമ്മ അല്പം മാറി അവിടെ നിന്നു. വല്യമ്മ ചോദിച്ചതിനൊക്കെ ക്ഷമയോടെ അയാൾ മറുപടി പറഞ്ഞു. അയാൾ ചോദിച്ചതിനൊക്കെ സന്തോഷത്തോടെ വല്യമ്മ ഉത്തരം പറഞ്ഞു. ഇരുകൂട്ടർക്കും മനസ്സിലായി, ഇഷ്ടമായി, വിശ്വാസമായി. ആ ചെറുപ്പക്കാരൻ വലിയ ലോകപരിചയമുള്ളവനും ഉപകാരിയുമാണെന്നു് ആ സ്ത്രീക്കും ആ വീട്ടിലെ ഭരണാധികാരി വല്യമ്മയാണെന്നും അവർക്കു പ്രായമായ പുരുഷന്മാരാരും സഹായത്തിനില്ലെന്നും വിവാഹവയസ്സു കടന്ന ഒരു മകൾ-കന്യക—ഉണ്ടെന്നും ആ യുവാവിനും മനസ്സിലായി. വല്യമ്മയെക്കൊണ്ടയാൾ പറയിച്ചു.—"നിങ്ങളൊക്കെ വലിയ ആളുകളാണല്ലോ. എന്റെ കുഞ്ഞിനൊരാളിനെ അന്വേഷിച്ചുതന്നാൽ വലിയ കാര്യമായിരിക്കും. ഞങ്ങൾക്കു സൊത്തും മറ്റുമില്ല. എന്നാലും കഷ്ടിച്ചൊക്കെ കഞ്ഞികുടിച്ചു കിടക്കാനുള്ള വകയുണ്ടു്."

അയാൾക്കാവല്യമ്മയുടെ മര്യാദയും നിസ്സഹായാവസ്ഥയും കൊണ്ടൊരു സന്തോഷം. അയാളക്കാര്യം ഏറ്റു. ഒരു മാസത്തിനകം അയാളുടെ അവിവാഹിതനായ സ്നേഹിതനെയും കൊണ്ടു പെണ്ണുകാണാൻ വരാമെന്നും പറഞ്ഞു് അയാൾ പോയി.

പറഞ്ഞ അവധിക്കുതന്നെ അയാൾ വന്നു പറഞ്ഞു, അയാൾക്കൊരത്യാവശ്യകാര്യം പ്രമാണിച്ചു എറണാകുളത്തു പോകേണ്ടിവന്നതുകൊണ്ടു് ഒരാഴ്ച കഴിഞ്ഞേ വരാനൊക്കുകയുള്ളു എന്നു്. അന്നും കുറെ വർത്തമാനം പറഞ്ഞിട്ടയാൾ പോയി. മൂന്നു നാലു ദിവസം കഴിഞ്ഞു് അയാൾ പടി കയറി വന്നതു് കുറെ കോപിച്ചാണു്. ആരെക്കുറിച്ചോ ചീത്തവാക്കുകൾ പൊറുപൊറുത്തുകൊണ്ടാണു്.

വല്യമ്മ കാര്യം ചോദിച്ചു.

യു—"ഓരോരുത്തന്മാരു പിടിച്ചുപറിക്കാനിറങ്ങുകാ."

സ്ത്രീ—"എന്താ പറ്റിയതു്?"

യുവാ—"എന്തു പറയാനാ?

സ്ത്രീ—എന്തോന്നാ കാര്യം പറയു

യുവാ—പറഞ്ഞതുകൊണ്ടൊരു വിശേഷവുമില്ല. അടിച്ചവന്റെയൊക്കെ പല്ലു പറിക്കുകയാ വേണ്ടതു്.

---

ചെണ്ടനിലം പറ്റി, കട്ടുംതുടികൾ മിണ്ടാതായു്,
രണ്ടിറക്കുഴലും, ഹാ, മൂകമായി.
ഉതിർമുടികൾകെട്ടുവാൻവെമ്പുന്നു പെൺകൊ
ളതിസംഭ്രമമാർന്നു പിൻമാറിടുന്നു. (ടീക—
അലറുകയായു് കൂട്ടരു്,"വെവെഴാ ഹട്ടികഴേ
നെലവിട്ടീതെ്ളുണ്ണു ഴാത്തിയല്ലേ?
ഫേകു്ഖൂത്തുകൾ കാഴണം ഹാതിഴയായാലും
ഖേക്കാമ്പാഴിലല്ലോ ചെകിഴർ കണ്ണും......
ഖുഴിരന്നെ ഖുഴി!—ഖള്ളക്കുഴവേഴികൾ! ഫോ,
ചെന്നാ—
വഴിയിൽക്കെഴക്കഴാരെൻ ഖാഴതള്ളു്!"......
"അടിയങ്ങൾ!"—എല്ലാരും നടകൊണ്ടുകൂടി
രുടയോനും പിന്നാലെ യാത്രയായി...(കാത്തോ—
കന്നിയിളംപൂന്തിങ്കൾമാഞ്ഞു—ഉത്സവച്ഛായ
മൊന്നുചേർന്നങ്ങോ പറന്നകന്നു. (കള്ള—
രാക്കിളികൾ നിശ്ശബ്ദരാ,യന്ധകാരത്തിൽ
വീർപ്പിട്ടുനിന്നു തരുനിരകൾ!
കവിതകുടിച്ചുപുളച്ചമൽസ്പന്ദങ്ങൾ
കദനത്തിൻ കരിനിഴലിൽ വീണടിഞ്ഞു.
ഒരുരാത്രിയിലൊരുകോണിലിരുന്നൊന്നു പാടാനു—
മരുതേന്നോ പാവങ്ങൾക്കീജ്ജഗത്തിൽ?......

സ്ത്രീ—എന്നാലും പറയൂ. ഞാനും കേൾക്കട്ടെ.

യുവാ—ഇവനൊക്കെ കേമനായതിങ്ങനെയാ. മേടിച്ചാൽ കൊടുക്കാതെയാ.

സ്ത്രീ—ആരാ?

യുവാ—പറഞ്ഞാലൊരു ഫലവുമില്ല. അങ്ങനെയുള്ള സമയത്തല്ലേ അവൻ പറഞ്ഞതു്. ഇന്നലെ ഞാനിതറിഞ്ഞെങ്കിൽ അവനോടു കാശു മാറി മേടിച്ചേനെ.

സ്ത്രീ—ആരോടാ?

യുവാ—അല്ല മുന്നൂറു രൂപാ കൈവായ്പ വാങ്ങിക്കൊണ്ടുപോയിട്ടു് ഒടുക്കം നോട്ടെഴുതിത്തന്നു. ഇന്നിക്കൊണ്ടു വന്നാൽ ഇടപാടു തീർക്കാമെന്നു കഴിഞ്ഞ ദിവസം വന്നപ്പോൾ പറഞ്ഞു. ഇന്നാ ചെമ്മേടി പായുന്ന ഇരുനൂറു രൂപാ തരാം നോട്ടങ്ങു കൊടുക്കേണ്ടാൻ!

സ്ത്രീ—കൊള്ളാം മുന്നൂറു രൂപായും പലിശയുമുള്ളതിനു് ഇരുനൂറു രൂപാ!

യുവാ—അങ്ങനെയല്ലേ ഇവന്മാരു പണക്കാരാകുന്നതു്.

സ്ത്രീ—എന്നിട്ടു മേടിച്ചോ?

യുവാ—കൊള്ളാം. 450 രൂപാ കിട്ടണമെനിക്കു്. 250 ഇളച്ചു കൊടുക്കാനാണെങ്കിൽ മുഴുവനിളച്ചു കൊടുത്തേക്കരുതോ?

സ്ത്രീ—എന്നിട്ടെന്തു ചെയ്യാൻ നിശ്ചയിച്ചു?

യുവാ—എന്തു ചെയ്യാനാ? നാളെ കല്യാണമാ. ഇന്നു് അന്യായം എഴുതിച്ചു നാളെ കൊടുത്താൽ നാനൂറ്റൻപതു രൂപായും കോടതിച്ചെലവും കിട്ടും. പക്ഷെ എന്തു ചെയ്യാനാ! പോകട്ടെന്നു വച്ചു.

സ്ത്രീ—അതെന്താ?

യുവാ—ഇന്നിനി വീട്ടിൽ ചെന്നു രൂപായും കൊണ്ടുതിരിച്ചു കരുനാഗപ്പള്ളിൽ വന്നു കേസു കൊടുക്കാൻ ഒക്കുകില്ലെന്നറിയാവുന്നതുകൊണ്ടാണല്ലോ ആ എരപ്പ ഇതു പറഞ്ഞതു്. പോകട്ടെ. നാനൂറ്റൻപതു രൂപാ ഞാനൊരാണ്ടിൽ സിഗരറ്റു വലിക്കുന്ന തുകയില്ല. അവനെ ഞാനെവിടെയിട്ടെങ്കിലും മര്യാദ പഠിപ്പിക്കും.

സ്ത്രീ—അയ്യോ, നാനൂറ്റൻപതു രൂപാ!

യുവാ—സാരമില്ലമ്മേ പണം മനുഷ്യനുണ്ടാക്കുന്നതാ. എന്റെ രൂപാ കട്ടതും പിടിച്ചുപറിച്ചതുമൊന്നുമല്ല. ഇതു പോയാൽ എനിക്കു വേറൊരു വഴിയിൽ ഇതിലിരട്ടി കിട്ടും. ആ തെണ്ടിക്കിതിലുമിരട്ടി നഷ്ടവും വരും.

സ്ത്രീ—എന്നാലോ എന്റെ മകളേ നാനൂറ്റൻപതു രൂപാ!

യുവാ—പിന്നെ എന്തു ചെയ്യും? ഇരുപത്തിരണ്ടര രൂപാ ഫീസടയ്ക്കണം. എഴുത്തുഫീസും ഒക്കെക്കൂടെ ഒരു മുപ്പതു രൂപാ ഉണ്ടായിരുന്നെങ്കിൽ നാളെ രൂപാ നാനൂറ്റൻപതു് അവൻ എന്റെ കാൽച്ചുവട്ടിൽവച്ചു് എന്നെ നമസ്കരിക്കും. ഇല്ലാത്തതിനാരോടു പറയുന്നു!

സ്ത്രീ—മുപ്പതു രൂപാ വേണം അല്ലേ?

യുവാ—അക്കാര്യം പോട്ടെ അമ്മേ, ഞാനിറങ്ങട്ടെ. അഞ്ചാറു ദിവസിക്കകം ഞാൻ വരാം.

ആ ചെറുപ്പക്കാരൻ എഴുന്നേറ്റു.

"അവിടെയിരുന്നാട്ടെ. ഈ വെള്ളം കുടിച്ചിട്ടു പോകാം. ഈ വെയിലത്തു നടന്നു വന്നതല്ലേ!"

ഗൃഹനായിക നിർബന്ധിച്ചിട്ടു് അയാൾ ഇരുന്നു. ആ സ്ത്രീ അടുക്കളയിൽ ചെന്നു കാപ്പിയുണ്ടാക്കാൻ മകളെ ഏർപ്പാടു ചെയ്തിട്ടു തിരിച്ചു വന്നിരുന്നു വർത്തമാനം തുടങ്ങി. അവരുടെ വർത്തമാനം, മകളുടെ കല്യാണമാകുന്ന പശ്ചാത്തലത്തിൽ വരച്ച ചിത്രംപോലെയായിരുന്നു. ആ ചെറുപ്പക്കാരന്റെ സംസാരം നാനൂറ്റൻപതു് രൂപാ നഷ്ടപ്പെടുത്തുന്ന അധമർണ്ണനോടുള്ള പാരുഷ്യത്തിൽ കുഴച്ചതായിരുന്നു.

കാപ്പി കുടി നടന്നു.

അയാൾ യാത്ര പറഞ്ഞു. "ഞാൻ തീർച്ചയായിട്ടും അടുത്ത ദിവസം തന്നെ തിരിച്ചുവരാം. അയാളെയും കൊണ്ടുവരാം. എന്നാലങ്ങോട്ടു് ചെല്ലട്ടെ."

"എന്റെ മകളെ നാനൂറ്റൻപതു് രൂപാ! സ്ത്രീ അയാളുടെ മുഖത്തു് നോക്കിക്കൊണ്ടു് പറഞ്ഞു.

"അതുപോകട്ടെ. അതു് ഞാനുപേക്ഷിച്ചു. എനിക്കു് പണത്തിനുള്ള ആശയല്ല, അവൻ കളിപ്പിക്കുന്നല്ലോ എന്നോർത്താണു്."

"അതു് രണ്ടും കാര്യമാ. എന്റെ ദൈവേ നാലോ അഞ്ചോ ആണെങ്കിൽ എങ്ങനെയും നിർവാഹമുണ്ടായിരുന്നു."

യുവാ—ഗ്രഹപ്പിഴക്കാലത്തൊന്നും ഒക്കത്തില്ല. ഒരു പത്തിരുപതു് രൂപാ കൈയിലില്ലാതെ ഞാൻ പുറത്തിറങ്ങുകയില്ലാത്തതാ, ഇങ്ങോട്ടു പോരണമെന്നുവച്ചു പോന്നതല്ല. വഴിയിലെത്തീന്നു് വെറുതെ ഇറങ്ങി. അപ്പോൾ ഓർത്തു ഇന്നു് പണം തരാമെന്നു് പറഞ്ഞിട്ടുള്ള ദിവസമാണല്ലോ എന്നു്. ഇങ്ങു പോരുകയും ചെയ്തു. അയാൾ നാനൂറ്റൻപതു് രൂപാ തരുമെന്നല്ലേ വിശ്വസിച്ചതു്. അങ്ങു് പോട്ടെ. എത്ര പണം ഉണ്ടാകുന്നു. എത്ര പോകുന്നു.?

ഒന്നു് നിർത്തിയിട്ടയാൾ പറഞ്ഞു. "ചില ദി

ശാസ്ത്രപംക്തി

# നാവികയുദ്ധം

(പി. കെ. കരുവിള ബി. എ.)

II

7 ക്രൂസറുകൾ. സാധാരണയായി യുദ്ധക്കപ്പലുകൾ എന്നു പറയുമ്പോൾ "ക്രൂസർ" കപ്പലുകളാണു് നമ്മുടെ വിഭാവനയിൽ പെടുന്നതു്. ഇക്കഴിഞ്ഞ യുദ്ധത്തിനു മുമ്പു് കൊച്ചിത്തുറമുഖത്തും മറ്റും വല്ലപ്പോഴുമൊക്കെ വന്നുകൊണ്ടിരുന്നതും നാട്ടിൽ പലരും കണ്ടിരിക്കാനിടയുള്ളതുമായ എ[illegible]ഗ്രാം, കൊളമ്പ്, ന്യൂ എംഡൻ മുതലായവ ക്രൂസർ ഇനത്തിൽപെടുന്നവയാണു്. ക്രൂസർ കപ്പലുകൾ മിക്കവാറും ആവിക്കപ്പലുകളാണു്. എന്നാൽ ഈ യുദ്ധകാലത്തു് ക്രൂസർ ഇനത്തിൽപെട്ട മോട്ടോർ കപ്പലുകളും ധാരാളമായി നിർമ്മിച്ചിട്ടുണ്ടു്. 4000 മുതൽ 7000 വരെ കേവുഭാരമുള്ള ക്രൂസറുകളിൽ 6 ഇഞ്ചു തോക്കുകളാണു് ഘടിപ്പിച്ചിട്ടുള്ളതു്. രംഗനിരീക്ഷണക്ഷമങ്ങളായ രണ്ടോ മൂന്നോ വിമാനങ്ങളും ചില ക്രൂസറുകളിലുണ്ടു്. ഈ വിമാനങ്ങൾ കടലിലിറങ്ങുന്നവയാണു്. 30—35 മൈൽ വേഗതയുള്ള ക്രൂസറുകൾ ഗംഭീരന്മാരായ യുദ്ധക്കപ്പലുകളെ അകമ്പടി സേവിക്കുന്നതിനൊപ്പം, നാവിക സംഘട്ടനങ്ങളിൽ സജീവമായ പങ്കു വഹിക്കാറുമുണ്ടു്. നശീകരണക്കപ്പലുകൾ; ശത്രുവ്യൂഹങ്ങളിലേക്കു പാഞ്ഞുചെന്നു് അവയുടെ അംഗഭംഗം വരുത്തിയശേഷം പുറംകോട്ടു വലിഞ്ഞുകളയുന്നതായി മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ഇങ്ങനെ അംഗഭംഗം നേരിട്ട ശത്രുക്കളുടെ "കഥ" തീർക്കുകയാണു് ക്രൂസറിന്റെ ജോലി. ഒരു ക്രൂസറിൽ ശതക്കണക്കിനു് ആളുകളുണ്ടായിരിക്കും.

8. ബാറ്റിൽ ഷിപ്പ് (പടക്കപ്പൽ). യഥാർത്ഥത്തിൽ ഇതൊരു മഹാഭീമൻ തന്നെയാണു്. 8 ഇഞ്ചു തോക്കു മുതൽ 16 ഇഞ്ചു തോക്കുവരെ ഇതിൽ ഘടിപ്പിച്ചിട്ടുണ്ടായിരിക്കും. 16 ഇഞ്ചു വ്യാസമുള്ള വെടിയുണ്ടകൾ നാലുപാടും തുരുതുരെ പായിക്കുന്ന തോക്കുകളോടുകൂടിയ ഒരു ബാറ്റിൽഷിപ്പിന്റെ കാര്യം ഒന്നാലോചിച്ചു നോക്കുക! ശത്രുനാവികവ്യൂഹമോ, ശത്രുക്കപ്പലോ അടുത്തെവിടെയെങ്കിലുമുണ്ടെന്നറിയുന്ന പക്ഷം, ആ ദിക്കു നോക്കി വെടിയുണ്ടകൾ പായിക്കുന്നു. 20 മൈൽ അകലെവരെ വെടിയുണ്ടകൾ പായിക്കുവാൻ ഇവയ്ക്കു സാധിക്കും. അങ്ങനെ ഗണിതന്യായേന നോക്കിയാൽ ഏതാണ്ടു് 1200 ചതുരശ്ര മൈൽ സ്ഥലം അടക്കിഭരിക്കുവാൻ ഒരു ബാറ്റിൽഷിപ്പു മതിയാകും. ശത്രുരാജ്യങ്ങളിലെ തുറമുഖങ്ങൾ, തീരപ്രദേശനഗരികൾ, തീരപ്രദേശത്തെ യുദ്ധസജ്ജീകരണങ്ങൾ മുതലായവ നശിപ്പിക്കുകയെന്നുള്ള വൻതോതിലുള്ള പ്രവർത്തനങ്ങളാണു് ഇവയ്ക്കു വിട്ടുകൊടുത്തിരിക്കുന്നതു്. നാവികർ ഭടന്മാ

---

വസ്[illegible] കണ്ണിവളം ഇങ്ങനെയാ. ഒരിക്കലെങ്കിലും രണ്ടരപ്പവന്റെ സ്വർണ്ണമില്ലാതെ ഞാൻ വെളിയിലിറങ്ങുകയില്ലായിരുന്നു. എപ്പോഴാ ഒരാവശ്യം വരുന്നതെന്നറിയാമോ? ഇന്നാണെങ്കിൽ കാൽപ്പണമിട സ്വർണ്ണം എന്റെ കൈയിലില്ല."

വല്യമ്മ അയാളുടെ കഴുത്തിൽ നോക്കി. അയാൾ തുടർന്നു. "കോലത്തെ കുഴമ്പുതേച്ചു് കുളിച്ചു. എണ്ണയും സോപ്പും തേക്കുമ്പോൾ മോതിരം കൈയിൽ നിന്നു് ഊരിപ്പോകും. അതുകൊണ്ടു് കുളിക്കുന്നതിനു മുമ്പേ ഊരിപ്പെട്ടിയിലിട്ടു. പിന്നെ എടുത്തുമില്ല. ഗ്രഹപ്പിഴക്കാലത്തൊന്നും തോന്നുകയില്ല,"

അയാൾ ഒന്നു് മൂളി. അതിനിടയിൽ സ്ത്രീ എഴുന്നേറ്റു് പുരയിടത്തിലേക്കു് പോയി. തിരിച്ചുവന്നതു് മൂന്നു മിനിട്ടു് കഴിഞ്ഞാണു്. അവർ അയാളുടെ [illegible] കയ്യിൽ ഒരു സ്വർണ്ണവള കൊടുത്തിട്ടു പറഞ്ഞു — "എന്റെ കൊച്ചുനാരായണനു[illegible]ണ്ടായിരുന്നെ[illegible]ൽ ഇത്രയും പ്രായമായേനെ. ഇപ്പോൾ കുഞ്ഞിനെ കണ്ടപ്പോൾ മുതൽ അവന്റെ ഓർമ്മയാ. [illegible] കയ്യിൽ ഇതുണ്ടു്. കൊണ്ടുപോയി പണയം വച്ചു് വേണ്ടതു് മേടിച്ചു് നമ്പരുകൊടുക്കു. നാനൂറിന്റെ പത്തു് രൂപാ! അതുപേക്ഷിപ്പാൻ പാടില്ല മക്കളേ"

മടക്കിയ കയ്യിൽ വള വച്ചുകൊണ്ടയാൾ ചോദിച്ചു — ഞാനിതുവാങ്ങിക്കൊണ്ടുപോയിട്ടു തിരിച്ചുവന്നില്ലെങ്കിൽ അമ്മ എന്തുചെയ്യും?

"അങ്ങനെ ചെയ്യുകേല്ലെന്നെനിക്കറിയാം. അഥവാ തന്നില്ലെങ്കിൽ കുഞ്ഞു് നാനൂറിന്റെ പത്തു് രൂപാ സഹിക്കുന്നതുപോലെ ഞാനങ്ങു സഹിക്കും" അവരൊന്നുകൂടെ പറഞ്ഞു. "അങ്ങനെ ചെയ്യുന്നോരെ കണ്ടാലറിയാം."

അയാൾ യാത്ര പറഞ്ഞു് നടന്നു.

ആ സ്ത്രീ ഒടുവിൽ പറഞ്ഞതു് ശരിയായിരുന്നില്ല; കള്ളന്മാരെ കണ്ടാൽ അറിഞ്ഞുകൂടാ.

ർ, സാങ്കേതികജ്ഞർ മുതലായ 1500 ആളുകൾവരെ ഇതിലുണ്ടായിരിക്കും. ഏറ്റവും നവീനരീതിയിലുള്ള എല്ലാ യന്ത്രവിശേഷങ്ങൾ ഘടിപ്പിച്ചിട്ടുള്ളതും പതിനയ്യായിരം മുതൽ നാൽപത്തയ്യായിരം ടൺവരെ കേവുപാടുള്ളതുമായ ഒരു ബാറ്റിൽഷിപ്പിന്റെ നിർമ്മാണത്തിനുവേണ്ടി കോടിക്കണക്കിനു രൂപാ മുടക്കേണ്ടിവരും. വളരെ പ്രധാനപ്പെട്ട കാര്യങ്ങൾക്കു മാത്രമേ ബാറ്റിൽ ഷിപ്പുകളെ നിയോഗിക്കാറുള്ളു. അല്ലാത്ത സമയങ്ങളിൽ ഇവ, സുരക്ഷിതമായ സങ്കേതങ്ങളിൽ അഭയം പ്രാപിച്ചു കിടക്കും. ഒരു നാവിക വ്യൂഹത്തിന്റെ നേതാവായ അഡ്മിറൽ സാധാരണയായി ഒരു ബാറ്റിൽഷിപ്പിൽ ഇരുന്നുകൊണ്ടായിരിക്കും നിർദ്ദേശങ്ങളും ആജ്ഞകളും നൽകുന്നതു്. ബാറ്റിൽഷിപ്പ്, ഒരു സ്ഥാനംവിട്ടു മറ്റൊരിടത്തേക്കു പോകുന്നതു് ഗംഭീരമായ അകമ്പടിയോടുകൂടി മാത്രമാണു്. മലയൻ ഉപദ്വീപിന്റേയും പസഫിക് സമുദ്രതീരങ്ങളുടേയും സംരക്ഷണത്തിനായി ബ്രിട്ടൻ നിയോഗിച്ചതു രണ്ടേരണ്ടു ബാറ്റിൽ ഷിപ്പുകളായിരുന്നു എന്ന വസ്തുത ആലോചിക്കുമ്പോൾതന്നെ ഇവയുടെ പ്രാധാന്യവും വിപുലമായ നശീകരണശക്തിയും നമുക്കു മനസ്സിലാക്കാൻ സാധിക്കും. കിംഗ് ജോർജ്ജ് ഫിഫ്ത്, പ്രിൻസ് ഓഫ് വെയിൽസ്, റിനൗൺ ഇവയൊക്കെ ഈ ക്ലാസ്സിൽ പെട്ടവയാണു്.

ക്രൂസറിനും ബാറ്റിൽഷിപ്പിനും മദ്ധ്യേ നവീനരീതിയിലുള്ള ഒരു വകഭേദമാണു് ജർമ്മൻകാർ ഉപയോഗിച്ചുവന്ന പോക്കറ്റു് ബാറ്റിൽ ഷിപ്പ്. നശീകരണസാമർത്ഥ്യവും വളരെ ഗതിവേഗതയുമുള്ള പോക്കറ്റു് ബാറ്റിൽ ഷിപ്പിന്റെ ഒരു പ്രത്യേകത, സമുദ്രനിരപ്പിൽനിന്നു മുകളിലേക്കുള്ള ഭാഗം ഏറ്റവും കുറവായിരുന്നു എന്നുള്ളതാണു്. പൊതുവേ പറഞ്ഞാൽ യുദ്ധത്തിനുപയോഗിക്കുന്ന എല്ലാത്തരം കപ്പലുകൾക്കും ഈ ഗുണവിശേഷമുണ്ടു്. ഗ്രാഫ്സ്പീ, ഡച്ച്ലാൻഡ്, ബിസ്മാർക്ക് മുതലായ ജർമ്മൻ പോക്കറ്റ് ബാറ്റിൽ ഷിപ്പുകളുടെ ദുരന്തചരിത്രം നാം കേട്ടുകഴിഞ്ഞുവല്ലോ.

9. ട്രൂപ്പ്കാരിയർ. സൗകര്യത്തിനുവേണ്ടി ഇവയെ പട്ടാളക്കപ്പലുകൾ എന്നു വിളിക്കാം. (പട്ടാളക്കപ്പലും പടക്കപ്പലും രണ്ടാണെന്നു ധരിക്കണം. പടക്കപ്പൽ എന്നു പറയുന്നതു് ബാറ്റിൽ ഷിപ്പാണു്) പട്ടാളക്കപ്പലുകൾ എന്നു പറയുന്നതു് ഒരു പ്രത്യേകമാതിരിയല്ല. വലിയ യാത്രക്കപ്പലുകൾ യുദ്ധാവശ്യങ്ങൾക്കുവേണ്ടി നാവിക വകുപ്പിലേക്കെടുത്തു് അതിൽ പട്ടാളക്കാരെ (ഭടന്മാരെ) കയറ്റി മറ്റു സായുധയാനപാത്രങ്ങളുടെ അകമ്പടിയോടുകൂടി, ഒരു സ്ഥലത്തു നിന്നും മറ്റിടങ്ങളിലേക്കു പോകുന്നതിനാണു് ഇവ ഉപയോഗപ്പെടുത്തുന്നതു്.

10 വിമാന വാഹിനികൾ. ഇരുപത്തയ്യായിരം മുതൽ നാൽപ്പത്തയ്യായിരം ടൺ വരെ കേവുപാടുള്ള ഭീമയാനപാത്രങ്ങളാണു് വിമാനവാഹിനികളായി ഉപയോഗിക്കുന്നതു്. സാധാരണയായി ഇവ ആവിക്കപ്പലുകളാണു്. കപ്പലിന്റെ പുകക്കുഴൽ, കൊടിമരം മുതലായവ ഒരു കോണിലേക്കു മാറ്റി സ്ഥാപിച്ചിരിക്കുന്നു. ബാക്കി ഭാഗം മുഴുവൻ ലോഹ നിർമ്മിതമായ ഒരു വലിയ പരന്ന തട്ടാണു്. സമുദ്രത്തിൽ വഴിപോകുമ്പോഴും, ഈ കപ്പലിൽ വിമാനങ്ങൾ വരികയും പോവുകയും ചെയ്യുന്നു.

11 ആംഡ്റെയിഡർ. ആയുധധാരികളായ ഈ ഓറയാന്മാർ ഒരു പ്രത്യേക വർഗ്ഗത്തിൽ പെട്ടവരല്ല. വലിയ കച്ചവടക്കപ്പലുകൾ അൽപം രൂപാന്തരംവരുത്തി, രണ്ടു വശങ്ങളിലും മുൻഭാഗത്തും 4 മുതൽ 6 ഇഞ്ചു വരെയുള്ള യന്ത്രത്തോക്കുകൾ ഘടിപ്പിക്കുന്നു. കച്ചവട സാധനങ്ങൾ കൊണ്ടുപോകുന്നതിനും, കോൺവോയികളിൽ കൂട്ടുചേർന്നുപോകുന്നതിനുമാണു് ഇവ പ്രയോജനപ്പെടുന്നതു്.

12. ലാൻഡിംഗ് ക്രാഫ്റ്റ്സ് (LC–എൽ. സി.) വലിയതോതിലുള്ള ഒരു വക മോട്ടർ ബോട്ടുകളാണു് ലാൻഡിംഗ് ക്രാഫ്റ്റ്സ്, എന്നു പറയുന്നവ. ഇവയുടെ മുൻവശം അകത്തേക്കു വലിഞ്ഞുനിൽക്കുന്നതിനാൽ കരയോടുചേർന്നു വന്നു് മുൻഭാഗം ഇളക്കിയിട്ടാൽ ബോട്ടിൽ നിന്നു കരയിലേക്കു് ഒരു പാലമായിത്തീരും. ബോട്ടിനുള്ളിലുള്ള മോട്ടർ കാറുകൾ, വളരെ ചെറിയ ടാങ്കുകൾ, ട്രക്കുകൾ മുതലായവ ഈ പാലം വഴി ഓടിച്ചു് കരയിലേക്കിറക്കുവാൻ വളരെ സൗകര്യമുണ്ടു്. ഈ വക ലാൻഡിംഗ്ക്രാഫ്റ്റിലേക്കു്, ലാൻഡിംഗ്ക്രാഫ്റ്റ്ട്രാൻസ്പോർട്ട് എന്ന വലിയ കപ്പലുകളിൽ നിന്നു് സാധനങ്ങൾ നേരിട്ടിറക്കാം. ഇപ്രകാരം ലാൻഡിംഗ്ക്രാഫ്റ്റ് ട്രാൻസ്പോർട്ടുകൾ, ലാൻഡിംഗ്ക്രാഫ്റ്റുകളുടെ "തള്ളക്കപ്പലുകളാ"യിത്തീരുന്നു.

13 സബ്മറൈൻ. മുങ്ങിക്കപ്പലുകൾ അഥവാ കഴനാ കപ്പലുകൾ പ്രത്യേകപരിഗണന അർഹിക്കുന്നതിനാൽ അവയെപ്പറ്റി സവിസ്തരം ഇനിയൊരിക്കൽ പ്രതിപാദിക്കാം.

———

# റഷ്യയും മതവും

കാൻറർബെറി ഡീൻ (തുടർച്ച)

അതുകൊണ്ടുണ്ടാകാവുന്ന ചില പരിണാമങ്ങളെക്കുറിച്ചൊന്നാലോചിച്ചു നോക്കൂ. മതപുരോഹിതന്മാരായ എന്റെ പല സ്നേഹിതന്മാരും എന്നോടു പലപ്പോഴും പറഞ്ഞിട്ടുണ്ടു്. "ബഹുജനങ്ങളുടെ സൗന്ദര്യബോധം എത്ര അധഃപതിച്ചതാണു്; അവർക്കു് ഇഷ്ടമാകുന്ന സിനിമാകളും അവരുടെ വൃത്തികെട്ട നൃത്തവും നോക്കൂ." അവരുടെ സൗന്ദര്യബോധം താഴ്ന്ന തരത്തിലുള്ളതാണെങ്കിൽ; നിങ്ങൾ അതിനുള്ള കാരണം എപ്പോഴെങ്കിലും ആരാഞ്ഞിട്ടുണ്ടോ? വേലക്കാരന്റെ ജോലി മുഷിപ്പനാണു്. സമയമാണെങ്കിൽ വളരെ നീണ്ടതും, അവൻ കായികമായും മാനസികമായും തളർന്നുപോകുന്നു. പിന്നെ അവർ ഗൗരവമേറിയ പുസ്തകങ്ങൾ വായിക്കുമെന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഷേക്സ്പിയറുടെ ഗ്രന്ഥങ്ങളേയോ ബീഥോവിന്റെ പാട്ടുകളേയോ അവർ ഇഷ്ടപ്പെടുമെന്നു് വിചാരിക്കരുതു്. ജോലിസമയം കുറഞ്ഞു്; ജോലിയുടെ മുഷിവു് തീർന്നു്, സംസ്കാരപൂർണ്ണമായ ഒരു ജീവിതത്തിനുള്ള പ്രോത്സാഹനം ഉണ്ടായാൽ മാത്രമേ സംസ്കാര സമ്പന്നമായ ഒരു ജനസമൂഹമായി വളർന്നുവരികയുള്ളൂ. രണ്ടു് ഉദാഹരണങ്ങൾ പറയാം:— കുറച്ചു കാലം മുൻപു്, ഇന്നു ജീവിച്ചിരിപ്പുള്ളവരിൽവെച്ചു് ഏററവും അധികം ഷേക്സ്പിയറുടെ നാടകങ്ങളിൽ അഭിനയിക്കാൻ കഴിവുള്ള ഒരാൾ ഒരു റഷ്യൻ ജൂതനായ പ്രൊഫസർ മീക്കയോൽഡ്സ് ഈയിടെവന്നു് എന്റെകൂടെ താമസിക്കുകയുണ്ടായി. എലിസബത്ത് രാജ്ഞിയുടെ കാലത്തുണ്ടായ സംസ്കാരം മുഴുവൻ മററാരെയും അധികം പഠിച്ച ഒരാളാണു്. അദ്ദേഹം ലിയർ രാജാവിന്റെ വേഷം ഏററവും നന്നായി അഭിനയിക്കുകയും ചെയ്യാറുണ്ടു്. അദ്ദേഹത്തിന്റെ നാടകസംഘം അദ്ദേഹം പോകുന്നിടത്തെല്ലാം പോകും. അതു് ഒരു വലിയ സഹകരണസംഘടനയാണു്.

അദ്ദേഹം ഇംഗ്ലണ്ടിൽ വന്നപ്പോൾ പറഞ്ഞു:— "എനിക്കു ഷേക്സ്പിയറുടെ നാടകങ്ങൾ അഭിനയിച്ചു കാണണമെന്നുണ്ടു്." ലണ്ടനിൽ ഒരൊററ ഷേക്സ്പിയർ നാടകമുണ്ടായിരുന്നില്ല. അദ്ദേഹം പറഞ്ഞു "ശരി, നമുക്കു് ഒരു കാർ വാടകക്കെടുത്തു ഷേക്സ്പിയരുടെ ജന്മസ്ഥലമായ പട്ടണത്തിലേക്കു പോകുക." ഒരൊററ ഷേക്സ്പിരിയൻ നാടകവും അഭിനയിച്ചുകാണാതെ അദ്ദേഹത്തിനു് ഇംഗ്ലണ്ടു വിട്ടുപിരിയേണ്ടിവന്നുവെന്നാണു് എന്റെ ഓർമ്മ.

നേരെമറിച്ചു്, ഒരു മൂന്നരക്കൊല്ലങ്ങൾക്കു മുൻപു റഷ്യയിൽ ഒരു വമ്പിച്ച ഷേക്സ്പിയർ സ്മാരകദിനം ആഘോഷിക്കുകയുണ്ടായി. നാമാകട്ടെ, അതു കടന്നുപോയതറിഞ്ഞതേയില്ല. അവിടെ റഷ്യാക്കാർ അറുനൂറു നാടകശാലകളിൽ ഷേക്സ്പിയറുടെ നാടകങ്ങൾ അഭിനയിച്ചു. യുദ്ധത്തിൽ തോക്കുകൾ പൊട്ടുന്ന ശബ്ദം കേട്ടിരുന്ന ഒരു പട്ടണത്തിലാണു "ഹാംലെററ്" അഭിനയിച്ചതു്. പിറെറന്നാൾ രാത്രി നാടകം കണ്ടവരിൽ അറുനൂറു പേർ ഒത്തൊരുമിച്ചു, നടന്മാർ നാടകത്തെ ശരിക്കു മനസ്സിലാക്കി അഭിനയിച്ചുവോ എന്ന വിഷയത്തെക്കുറിച്ചു വാദപ്രതിവാദം നടത്തി.

അതല്ലെങ്കിൽ, സംഗീതത്തിന്റെ കാര്യമെടുക്കൂ. 1937-ൽ, യുദ്ധത്തിനു മുൻപു്, ലോകത്തിലെ ഓരോ ഭാഗത്തുനിന്നും, യുവജനങ്ങളുടെ കർമ്മകുശലതയ്ക്കുള്ള സമ്മാനങ്ങൾ നേടുവാൻ എല്ലാ രാജ്യങ്ങളുടെയും പ്രതിനിധികൾ ബ്രസ്സൽസിലും, വാർസായിലും, വീയന്നായിലും എത്തിച്ചേർന്നു. പിയാനോ വായിക്കുന്നതിനുള്ള മൂന്നു സമ്മാനങ്ങളിൽ ആദ്യത്തെ രണ്ടും ഫിഡിൽ വായിക്കുന്നതിനുള്ള ആറു സമ്മാനങ്ങളിൽ അഞ്ചെണ്ണവും സോവിയററു റഷ്യയിലെ കുട്ടികൾക്കാണു കിട്ടിയതു്.

കായക്ലേശം ചെയ്തു ജീവിക്കുന്നവരും ബുദ്ധി ഉപയോഗിച്ചു ജോലിചെയ്തു ജീവിക്കുന്നവരും തമ്മിലുള്ള വലിയ വിടവു് ഇല്ലാതാകുന്നതും റഷ്യയിലാണു്. സ്റ്റാലിനും ലെനിനും പറഞ്ഞിട്ടുണ്ടു് ആ വിടവില്ലാതാകണമെന്നു്. എല്ലാവരും കായക്ലേശം ചെയ്യുന്നവരായാലും ശരി, മറെറന്തു ജോലി ചെയ്യുന്നവരായാലും ശരി, നല്ല ബുദ്ധിശക്തി വളർന്നു, സംസ്കാരം സിദ്ധിച്ചു, വിദ്യാഭ്യാസം ഉണ്ടായവരായിരിക്കണം. ആ വിദ്യാഭ്യാസത്തിന്റെ ഒരു ഭാഗം "കൈകൾ"ക്കുള്ള, കായക്ലേശംചെയ്തു ജീവിക്കുന്നവർക്കുള്ള, വിദ്യാഭ്യാസമാണു്.

# ഇന്ത്യൻ സ്വാതന്ത്ര്യപ്രശ്നം

(കെ. സി. സഖറിയാ എം. ഏ; എൽ എൽ. ബി.)

ഇന്ത്യൻ സ്വാതന്ത്ര്യപ്രശ്നം സംബന്ധിച്ച മി. വിൻസ്റ്റൺ ചർച്ചിൽ വരച്ച വര കടന്ന് ഒരിഞ്ചെങ്കിലും മുമ്പോട്ട് പോകുവാൻ ബ്രിട്ടീഷ് തൊഴിലാളിഗവർമ്മെൻറു തയ്യാറായിട്ടില്ലെന്ന് ഇന്ത്യാസെക്രട്ടറി പ്രഭുസഭയിൽ ഈയിടെ ചെയ്ത പ്രസ്താവന തെളിയിക്കുന്നു. ലോകം മുഴുവൻ ഇളകിയാലും സാമ്രാജ്യതൽപരന്മാരുടെ മനസ്സ് ഇളകുകയില്ലെന്നുള്ള ഭാവമാണ് അവർ ഇപ്പോഴും കാണിക്കുന്നത്. തൊഴിലാളിവേഷം ചാർത്തിക്കൊണ്ട് ബ്രിട്ടീഷ് സാമ്രാജ്യവാദി, ചായംതേച്ച കുറുക്കനെപ്പോലെ, നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്നല്ലാതെ സാമ്രാജ്യനയത്തിൽ യാതൊരു മാററവും ഉണ്ടായിട്ടില്ല. അതെ, "ശങ്കരൻ" വീണ്ടും തെങ്ങിന്റെ മണ്ടയിൽ ഉറച്ചിരിക്കുകതന്നെയാണുചെയ്യുന്നത്. ഇന്ത്യാസെക്രട്ടറിയുടെ പ്രസ്താവനയിലേക്ക് ഒന്നു കണ്ണോടിച്ചാൽ "ശങ്കരന്റെ" മനഃസ്ഥിതിക്ക് ഇതുവരെ യാതൊരു മാററവും വന്നിട്ടില്ലെന്നു കാണുവാൻ കഴിയും.

ആ പ്രസ്താവനയിൽ പ്രധാനമായി നാലു കാര്യങ്ങളാണുള്ളത്:- (1) വൈസ്രോയി സെപ്റ്റംബർ 19-ാംനു ചെയ്ത പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നതുപോലെ തിരഞ്ഞെടുപ്പു കഴിഞ്ഞാൽ ഉടൻ ബ്രിട്ടീഷ് ഇന്ത്യയിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെയും, ഇന്ത്യൻ നാട്ടുരാജ്യങ്ങളെയും ക്ഷണിച്ച് ഇന്ത്യയുടെ ഭാവി ഭരണഘടന സൃഷ്ടിക്കുന്നതിനെപ്പററി ആലോചിക്കുന്നതാണ്. (2) തൊഴിലാളിഗവർമ്മെൻറിന്റെ ആത്മാർത്ഥതയെപ്പററി ഇന്ത്യയിൽ ഉണ്ടായിട്ടുള്ള തെററിദ്ധാരണകൾ നീക്കുന്നതിനും, ഇന്ത്യൻനേതാക്കന്മാരെ നേരിട്ടു കണ്ട് അവരുടെ അഭിപ്രായങ്ങൾ അറിയുന്നതിനും, ഇന്ത്യൻ സ്വാതന്ത്ര്യവിഷയത്തിൽ ബ്രിട്ടീഷ് ജനതയ്ക്കുള്ള താൽപര്യം അവരെ അറിയിക്കുന്നതിനും ഒരു പാർലമെൻററി പ്രതിനിധിസംഘത്തെ എത്രയുംവേഗം ഇന്ത്യയിലേയ്ക്കയയ്ക്കുന്നതാണ്. (3) പുതിയ ഗവർമ്മെൻറുണ്ടാകുന്നതുവരെ ഇന്ത്യയിൽ അരാജകത്വം സംഭവിക്കാതെ ശരിയായി നിയമവും സമാധാനവും പാലിക്കുന്നതിനും, പട്ടാളക്കാരുടെയും ഉദ്യോഗസ്ഥന്മാരുടെയും വിശ്വസ്തതയെ ഭംഗപ്പെടുത്താതിരിക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും ഗവർമ്മെൻറു സ്വീകരിക്കുന്നതായിരിക്കും. (4) പുതിയ ഗവർമ്മെൻറ് ഉണ്ടായാലും ഇല്ലെങ്കിലും ഇന്ത്യയുടെ സാമ്പത്തികസ്ഥിതി അഭിവൃദ്ധിപ്പെടുത്തുന്നതിനും, ഇന്ത്യാക്കാരുടെ ജീവിതത്തോതുയർത്തുന്നതിനും മററുമുള്ള വമ്പിച്ച പദ്ധതികൾ നടപ്പിലാക്കുവാൻ ഗവർമ്മെൻറു ശ്രമിക്കുകതന്നെ ചെയ്യും.

ഇവയോരോന്നും പരിശോധിച്ചാൽ "ശങ്കരൻ" അടുത്ത കാലത്തെങ്ങും തെങ്ങിന്റെ മണ്ടയിൽനിന്നിറങ്ങുവാൻ തീർച്ചയാക്കിയിട്ടില്ലെന്നു കാണാവുന്നതാണ്. യാഥാസ്ഥിതികർ തെങ്ങിൽനിന്നു മാറുകയും, തൊഴിലാളികൾക്ക് ആ സ്ഥാനം നൽകുകയും മാത്രമാണു ചെയ്തിരിക്കുന്നത്. പെത്തിക്ക് ലോറൻസ്പ്രഭുവിന്റെ പ്രസ്താവനയുടെ ഉള്ളിലേക്കു കടന്നു നോക്കുമ്പോൾ മി. ചർച്ചിൽ പറഞ്ഞതിലധികമായി അദ്ദേഹം യാതൊന്നും പറഞ്ഞിട്ടില്ലെന്നു വ്യക്തമാകുന്നു. ഇന്ത്യയെ സ്വയംഭരണത്തിൽ എത്തിക്കുവാൻ ബ്രിട്ടൻ ആഗ്രഹിക്കുന്നുവെന്ന് ബ്രിട്ടീഷ് ഭരണമേധാവികൾ പറയുവാൻ തുടങ്ങിയിട്ടു കാലം വളരെയായി. ലോയിഡ് ജോർജ്ജിന്റെ കാലംമുതൽ ഈ പല്ലവി തന്നെയാണ് ഭരണാധികാരികൾ ഉച്ചത്തിൽ പാടിവരുന്നത്. വെറും പല്ലവി പാടുക മാത്രമല്ല തങ്ങൾ ചെയ്യുന്നത്, ആ പല്ലവി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുകകൂടിയാണെന്നാണല്ലോ അധികാരത്തിൽ എത്തിയിരിക്കുന്ന ബ്രിട്ടീഷ് തൊഴിലാളികൾ ഇപ്പോൾ പറയുന്നത്. ആ നടപടി എന്താണ്? ബ്രിട്ടീഷ് ഇന്ത്യയിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെയും, ഇന്ത്യൻ നാട്ടുരാജാക്കന്മാർ നിർദ്ദേശിക്കുന്ന പ്രതിനിധികളെയും വിളിച്ചുകൂട്ടി ഇന്ത്യയ്ക്ക് ഒരു ഭരണഘടന സൃഷ്ടിക്കുന്നതിനെപ്പററി ആലോചിക്കുമെന്നുള്ളതുതന്നെ. ഇന്നത്തെ സ്ഥിതിഗതികളെ ആസ്പദമാക്കി നോക്കുമ്പോൾ ബ്രിട്ടീഷ്ഇന്ത്യൻ പ്രതിനിധികൾപോലും ഭരണഘടനാനിർമ്മാണവിഷയത്തിൽ യോജിച്ച് ഒരു തീരുമാനം ചെയ്യുവാനിടയുണ്ടെന്നു വിചാരിക്കാൻ നിവൃത്തിയില്ല. മുസ്ലീംലീഗ് പാക്കിസ്ഥാനുവേണ്ടിയും, നാഷനൽകോൺഗ്രസ്സ് ഏക

ഭാരതത്തിൻ വേണ്ടിയും നിലകൊള്ളുന്നു. ലീഗിന്റെ അവകാശവാദങ്ങളെ സാധൂകരിക്കത്തക്കവണ്ണം ലീഗിനും, കോൺഗ്രസ്സിന്റെ സ്വാധീനശക്തിയെ പ്രകടമാക്കത്തക്കവണ്ണം കോൺഗ്രസ്സിനും വിജയം ലഭിക്കുമെന്നാണു കഴിഞ്ഞിടത്തോളം തിരഞ്ഞെടുപ്പുഫലങ്ങൾ കാണിക്കുന്നതു്. ആ സ്ഥിതിക്കു് ബഹുമാനപ്പെട്ട വൈസ്രോയി സിംലായിൽ വിളിച്ചുകൂട്ടിയതുപോലെ കോൺഗ്രസ്സിന്റെയും ലീഗിന്റെയും പ്രതിനിധികളെ ഒന്നുകൂടി വിളിച്ചുകൂട്ടിയതുകൊണ്ടുമാത്രം, ഇന്ത്യക്കൊരു ഭരണഘടനയുണ്ടാവുകയും, ഇന്ത്യൻപ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്യുമെന്നു വിചാരിക്കുന്നതു ശരിയല്ല. തിരഞ്ഞെടുപ്പു് കഴിഞ്ഞുവെന്നുള്ളതുകൊണ്ടുമാത്രം ഭരണഘടനയെപ്പററി ആലോചിക്കുവാൻ കൂടുന്ന കോൺഫറൻസു്, ഉദ്ദേശ്യത്തിലും സ്വഭാവത്തിലും, പരാജയപ്പെട്ട സിംലാ കോൺഫറൻസിൽനിന്നു വ്യത്യസ്തമായിരിക്കുമെന്നു കരുതുവാൻ സാദ്ധ്യമല്ല. പോരെങ്കിൽ, കുന്നിന്മേൽ കുരു എന്നവണ്ണം, ജനങ്ങളുടെ പ്രാതിനിദ്ധ്യമില്ലാത്ത നാട്ടുരാജ്യപ്രതിനിധികളും സമ്മേളനത്തിൽ സംബന്ധിക്കുന്നതാണു്. വിദേശീയാധിപത്യം അവസാനിപ്പിക്കുന്ന കാര്യത്തിലെങ്കിലും കോൺഗ്രസ്സിനും ലീഗിനും ഏകാഭിപ്രായമാണുള്ളതു്. നാട്ടുരാജ്യപ്രതിനിധികൾക്കു് ആ അഭിപ്രായംപോലും കാണുമെന്നു തോന്നുന്നില്ല. യഥാർത്ഥ്യം ഇതാണെങ്കിൽ, ഇത്തരം ഒരു കോൺഫറൻസു കൂടുന്നതുകൊണ്ടു് എന്താണു ഫലം? ഒരു ഫലം—ബ്രിട്ടീഷ്ഗവർമ്മെന്റിനെ സംബന്ധിച്ചിടത്തോളം ഗുണപ്രദമായ ഒരു ഫലം—തീർച്ചയായും ഈ കോൺഫറൻസിൽനിന്നുണ്ടാകും. കോൺഫറൻസു പരാജയപ്പെടുന്നപക്ഷം—അങ്ങനെ സംഭവിക്കാതിരിക്കട്ടെ!— ചർച്ചിലും, ഏമറിയും ചെയ്തുപോലെ ആറ്റ്ലിക്കും, പെത്തിക്ലോറൻസിനും വിളിച്ചുപറയാം:— "അധികാരം കൈമാറാൻ ഞങ്ങൾ തയ്യാറാണു്; പക്ഷേ ഇന്ത്യാക്കാർതമ്മിൽ യോജിക്കാത്തതുകൊണ്ടു് അങ്ങനെ ചെയ്വാൻ കഴിയാതെ വന്നതിൽ ഞങ്ങൾ നിർവ്യാജം ഖേദിക്കുന്നു."

പാർലമെന്ററി ഡെലിഗേഷൻ വരുന്നതുകൊണ്ടു വിശേഷിച്ചെന്തെങ്കിലും ഉണ്ടാകുമെന്നു വിചാരിക്കുന്നതിനും പൂർവാനുഭവങ്ങൾ അനുവദിക്കുന്നില്ല. ഇതിനു മുമ്പും സൗഹാർദ്ദസന്ദേശവും പേറിക്കൊണ്ടു ബ്രിട്ടനിൽനിന്നു പലരും ഇന്ത്യയിൽ വന്നിട്ടുണ്ടു്; വട്ടമേശസമ്മേളനങ്ങൾ പലതും നടന്നിട്ടുണ്ടു്; ഇന്ത്യയുടെ ബ്രിട്ടീഷ്സുഹൃത്തുക്കൾ ഇന്ത്യൻസ്വാതന്ത്ര്യത്തിനു വേണ്ടി പല സന്ദർഭങ്ങളിലും മുറവിളി കൂട്ടിയിട്ടുണ്ടു്. എന്നിട്ടു് ഇതുവരെ എന്തുണ്ടായി? ഇന്ത്യൻ നേതാക്കന്മാരെ കണ്ടു സംസാരിക്കുകയും, അവരുടെ അഭിപ്രായങ്ങൾ ഗവർമ്മെന്റിനെ അറിയിക്കുകയും ചെയ്യുകയെന്നതിൽ കവിഞ്ഞു പാർലമെന്ററി ഡെലിഗേഷനു യാതൊന്നും പ്രവർത്തിക്കാൻ അധികാരമില്ലെന്നു് ഇന്ത്യാസെക്രട്ടറി സ്പഷ്ടമാക്കിയിട്ടുണ്ടു്. സ്വയംഭരണം സംബന്ധിച്ചു് ഇന്ത്യയിലെ നേതാക്കന്മാരുടെയും ജനങ്ങളുടെയും അഭിപ്രായം എന്താണെന്നു ബ്രിട്ടീഷ്ഗവർമ്മെന്റിനു മനസ്സിലായിട്ടില്ലെന്നാണോ ഇതിന്റെ അർത്ഥം? സാമ്രാജ്യമോഹംകൊണ്ടു തിമിരം ബാധിച്ചവർക്കു് എന്താണു് പറഞ്ഞുകൂടാത്തതു്, എന്തെല്ലാമാണു് ചെയ്തുകൂടാത്തതു്! ഇന്ത്യൻസ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ഏററവും വലിയ പ്രതിയോഗിയായി ഇന്ത്യാക്കാർ പരിഗണിക്കുന്ന വിൻസ്റ്റൺ ചർച്ചിലിന്റെ അനുയായികൾ കൂടി ഈ പ്രതിനിധിസംഘത്തിൽ ഉണ്ടായിരിക്കുമെന്നാണു് പാർലമെന്റുപ്രസ്താവനയിൽനിന്നു മനസ്സിലാക്കേണ്ടതു്. ആ നിലയ്ക്കു് അഭിപ്രായൈക്യം പാലിക്കുവാൻപോലും ഡെലിഗേഷനു സാധിക്കുമെന്നു കരുതിക്കൂടാ. പിന്നെ ഇതിന്റെയെല്ലാം ഉദ്ദേശ്യമെന്താണു്? ഇന്ത്യാലീഗുസെക്രട്ടറി മി. കൃഷ്ണമേനോൻ പറയുന്നതുപോലെ സമയം ദീർഘിപ്പിക്കുവാനുള്ള ഒരു തന്ത്രമാണിതെന്നേ വിചാരിക്കുവാൻ ന്യായമുള്ളു. ആകപ്പാടെ ഇന്ത്യാസെക്രട്ടറിയുടെ പ്രസ്താവന വളരെ വിചിത്രമായിട്ടുണ്ടു്. തെററിദ്ധാരണകൾ മാററണമെന്നും സൗഹാർദ്ദം ദൃഢപ്പെടുത്തണമെന്നും ഉള്ള ആഹ്വാനത്തോടുകൂടി ആരംഭിക്കുന്ന പ്രസ്താവന ഇന്നത്തെ ഭരണകൂടത്തെ നിലനിറുത്തുന്നതിനു, വേണ്ടിവന്നാൽ, "ആററംബോംബു" വരെ ഉപയോഗിക്കുമെന്നുള്ള ഭീഷണിയോടുകൂടിയാണു് അവസാനിക്കുന്നതു്. പിഞ്ചുപൈതങ്ങളുടെ മാറിടങ്ങളിലേക്കു പോലും, യമകിങ്കരന്മാരെപ്പോലെ, വെടിയുണ്ടകൾ വർഷിക്കുന്ന സാമ്രാജ്യദൂതന്മാർ ഒരു വശത്തു്, ഇന്ത്യാസെക്രട്ടറിയുടെ "സൗഹൃദമുഖം" മറുവശത്തു്! പതിനഞ്ചും ഇരുപതും വർഷങ്ങളായി കരിത്തുറുങ്കിൽ കിടന്നു കഷ്ടപ്പെടുന്ന ബഹുശതം ദേശാഭിമാനികൾ ഒരു വശത്തു്, സാമ്രാജ്യപ്രഭുത്വത്തിന്റെ ആത്മാർത്ഥതയ്ക്കു നിറംകൂട്ടുവാനുള്ള സംരംഭം മറുവശത്തു്! "തൊഴിലാളിസാമ്രാജ്യത്വം സിന്ദാബാദ്"

# ഈച്ചകൾ

(ആർ. സുഗതൻ)

വെടിപ്പുകേടുള്ളിടത്തു ഞങ്ങൾ ആർത്തുകൂടും. മധുരമുള്ളിടത്തും, ഞങ്ങൾ പാറിപ്പിടാക്കും. "ചക്കരയിൽ ഈച്ചപോലെ" എന്നു ചില തക്കംനോക്കികളെപ്പററി പറയുന്നതിനു, ഞങ്ങളുടെ ഈ നടപടിയാണു കാരണം.

എന്നാൽ തക്കം നോക്കികളായവർ, ഞങ്ങളെക്കാൾ എത്രയോ മോശപ്പെട്ടവരാണു്. ജനങ്ങളുടെ രക്ഷയ്ക്കു് ഹാനികരമാണോ; തങ്ങൾക്കുതന്നെയും ആപൽക്കരമാണോ? എന്നൊന്നും നോക്കാതെ "തക്കംനോക്കികൾ" സ്വൽപം ലാഭം കിട്ടുമെന്നുള്ളതിന്റെ പുറത്തു പറന്നു പററും. പറന്നു പററുന്ന ഒററക്കാര്യത്തിലെ ഇവർക്കു ഞങ്ങളോടു സാമ്യമുള്ളു. ഞങ്ങൾ ആഹാരത്തിനുവേണ്ടിയാണു ഇങ്ങിനെ എവിടെയും പാറിനടക്കുന്നതു്. ഇക്കൂട്ടരോ അതിനു മാത്രമല്ല.

ഞങ്ങളുടെ കൂട്ടർ വെടിപ്പുകേടും നാററവും ഉള്ളിടത്തു പററി പറക്കുന്നതുകൊണ്ടു ഒരു പൊതുവായ ആപത്തു പററാറുണ്ടു്. വലിയ കയമേറിയ പുഴകളുടെ വക്കിൽ ചിലപ്പോൾ വെയിലുകൊള്ളാനായി, മുതലയും, ചീങ്കണ്ണിയും, വായും പിളർന്നു കിടന്നു കാററുമേററു ധ്യാനനിരതന്മാരാകാറുണ്ടു്. ഞങ്ങളുടെ കൂട്ടത്തിലെ ഒരു വലിയ ഭൂരിപക്ഷം ഗോപുരവായന്മാരുടെ ഉള്ളിൽക്കയറി അങ്ങിനെയിരിക്കും. ഏതാനും നിമിഷങ്ങൾ കഴിയുമ്പോഴേയ്ക്കു ഈ രണ്ടു ഭീമകായന്മാരും അവരുടെ വായു് അടച്ചുകളയും. ഇരതേടി ഈ ഗോപുരങ്ങളിൽ തത്തിക്കളിച്ച ഞങ്ങൾ ഒന്നോടെ ഈ ജീവികൾക്കു ഇരയായിത്തീരും. എന്തായാലും, രക്ഷാകേന്ദ്രം ഞങ്ങൾക്കു ഒരു ഒന്നാന്തരം കൊലവറയായി രൂപാന്തരപ്പെട്ടു. "വല്ലതിന്നിര ചെയ്യു" എന്ന ജഗജ്ജീവിതനിയമത്തിനു ഞങ്ങൾ "ഉത്തമസാക്ഷി"കളായിത്തീരുന്നു.

ചില ചെറിയ പെട്ടിക്കടകളിലും, പലഹാരക്കടകളിലും നിന്നു ഞങ്ങൾക്കു "ലാത്തിച്ചാർജ്ജു്" ഏൽക്കേണ്ടിവരുന്നുണ്ടു്. ഉണക്കമീൻ പൊരിച്ചതു്, മധുരമുള്ള ചില പൊടിക

---

എന്നു കഴിഞ്ഞ ലക്കം ചിത്രോദയത്തിൽ "ബാലൻ" എഴുതിയിരുന്നതു് എത്ര അർത്ഥവത്താണു്! ഇന്ത്യാക്കാരുടെ ജീവിതത്തോതുയർത്താൻ ഈ ഗവർമ്മെന്റു ശ്രമിക്കുമെന്നു പറയുമ്പോൾ പ്രത്യുപകാരം ചെയ്യാൻ എലിയുടെ അടുത്തെത്തിയ പൂച്ചയുടെ കഥയാണു് ഓർമ്മയിൽ വരുന്നതു്.

ഇതിനെല്ലാം എന്തെങ്കിലും പ്രതിവിധിയുണ്ടോ? "ശങ്കരനെ" തെങ്ങിൽ നിന്നിറക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ? ദേശീയൈക്യം കൊണ്ടുമാത്രമേ "ശങ്കരനെ" അടിപ്പെടുത്താൻ സാധിക്കുകയുള്ളുവെന്നാണു് ഇന്ത്യയിലെ ബ്രിട്ടീഷുഭരണത്തിന്റെ ഇതുവരെയുള്ള ചരിത്രം നമ്മെ പഠിപ്പിക്കുന്നതു്. കോൺഗ്രസ്സും ലീഗും തമ്മിൽ യോജിച്ചു ശങ്കരന്റെ നേരെ ധൈര്യപൂർവം ഒന്നു നോക്കിയാൽ, അവൻ തൊഴുകയ്യോടെ ഇറങ്ങിവരുമെന്നുള്ളതു തീർച്ചയാണു്. പക്ഷെ ഇന്ത്യയിൽ ഐക്യം ഉണ്ടാകേണ്ടതിനു പകരം ഭിന്നിപ്പു വർദ്ധിക്കുകയാണു് ചെയ്യുന്നതെന്നു ഹൃദയവേദനയോടുകൂടി പ്രസ്താവിക്കാതെ തരമില്ല. മി. ജിന്നായും കൂട്ടുകാരും ഒരിക്കലും നന്നാകാത്തവരാണെന്നു വിധിയെഴുതിയശേഷം, സാമ്രാജ്യപ്രഭുത്വത്തിന്റെ പ്രതിനിധികളായ വേവൽപ്രഭുവിനേയും മി. കേസിയേയും മററും കൂട്ടുപിടിച്ചു കാര്യം നേടാനാണു് കോൺഗ്രസ്സ് നേതാക്കന്മാർ ഇപ്പോൾ ശ്രമിക്കുന്നതു്. സ്വന്തം നാട്ടുകാരെക്കാൾ കൂടുതലായി കോൺഗ്രസ്സ് നേതൃത്വം സാമ്രാജ്യദൂതന്മാരെ വിശ്വസിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ലജ്ജാവഹമായ കാഴ്ചയാണു് നാം ഇന്നു കാണുന്നതു്. ഈ നിലയ്ക്കൊരു മാററം വരുന്നതുവരെ—സ്വയം നിർണ്ണയാവകാശത്തെ അടിസ്ഥാനപ്പെടുത്തി നാഷനൽകോൺഗ്രസ്സു് മുസ്ലീംലീഗുമായി ഒരൊത്തുതീർപ്പുണ്ടാക്കുകയും, അങ്ങനെ ദേശീയൈക്യം സ്ഥാപിക്കുകയും ചെയ്യുന്നതുവരെ—പാർലമെന്ററിഡെലിഗേഷൻ വന്നാലും, ജനപ്രതിനിധിസഭ കൂടിയാലും, മറെറന്തെല്ലാം ചെയ്താലും ഇന്ത്യൻപ്രശ്നത്തിനു ശരിയായ പരിഹാരം ഉണ്ടാകുകയില്ലെന്നുള്ള അഭിപ്രായം യുക്തിയുക്തമാണെന്നു പറയേണ്ടിയിരിക്കുന്നു. അതുവരെ "ശങ്കരൻ" തെങ്ങിന്റെ മണ്ടയിൽ ഉറച്ചിരിക്കുവാൻ തന്നെയാണു് തീർച്ചപ്പെടുത്തിയിരിക്കുന്നതെന്നു തോന്നുന്നു.

---

ൾ, പലഹാരങ്ങൾ. മീൻ വെള്ളവും കാപ്പിവെള്ളവും വീണ തറകൾ. ഇവയെല്ലാം കൂടുന്നിടം ഞങ്ങളുടെ സമരരംഗമാണ്. പിന്നെ എങ്ങിനെയാണ് ഞങ്ങൾ ഇവിടം വിട്ടുമാറുന്നതു്. ഇവിടങ്ങളിൽ അഴുക്കിന്റെ "പരമപിതാക്കന്മാരായ" പീടികക്കാരും, അവരുടെ കടകളിലെ കുട്ടികളും ഉപയോഗിക്കുന്ന "പാത്തികൾ വളരെ ഇഷ്ടമാണ്.

മണിയടിച്ചു; നാടിച്ചു, എന്നിങ്ങനെ രണ്ടിനക്കാർ ഞങ്ങളിൽ പെടും. ഇതിൽ ആദ്യത്തെ ഇനം ചില കാലങ്ങളിൽ പ്രത്യക്ഷപ്പെടുന്നവരും തക്കം നോക്കികളും, പച്ചവെര കണ്ട് മേൽപാദങ്ങളെ തിളങ്ങുന്ന വരുമാണ്. "പച്ചകിളിപ്പുറഴപ്പാൻവർണ്ണമൊത്ത നിറം"— ഞങ്ങളുടെ ഈ ഇനക്കാരുടെ അടയാളമാണ്. ചെറുതെങ്കിലും വളരെപ്പേർ ഒന്നിച്ചു കൂടി ശബ്ദമുണ്ടാക്കിയാൽ അതു് "കേരവിരപൽ" പോലെ വലുതായിരിക്കുമെന്നതിനു് ഞങ്ങളുടെ കൂട്ടത്തിലുള്ള ആർപ്പുകൾ തെളിവാണ്. ഞങ്ങളുടെ കൂട്ടത്തിൽ തീരെ ചെറിയ ഒരിനക്കാരുണ്ട്. ദിനം മേടമാസക്കാലങ്ങളിൽ ഇക്കൂട്ടർ പൂരം വരും. വീടുകളുടെ മോന്തായങ്ങളിൽ തൂങ്ങുന്ന "പൂക്കാര"ക്കരികൂടുകളിൽ പറ്റിക്കൂടി ഇരിക്കുന്ന ഇവരുടെ "അംഗശോഭകളിയാട്ടുന്നതു്" കാണണമെങ്കിൽ, മോന്തായത്തിന്റെ പഴുതിൽക്കൂടി കടന്നു വീഴുന്ന സൂര്യകിരണം ഈ സമൂഹത്തിന്റെ മീതെ നിഴലിക്കുമ്പോൾ ഒന്നു നോക്കിയാൽ മതി.

കൊതുകു് ഞങ്ങളുടെ ഇനത്തിലെ വകഭേദമാണ്. ഇവർ "നൈറ്റ്ഡ്യൂട്ടി"ക്കാരാണ്. ഇവരിൽ [illegible]നം ഉണ്ടു്. പകൽ അദ്ധ്വാനിച്ചു പണി എടുത്തു ക്ഷീണിച്ചു് ഉറങ്ങാൻ കിടക്കുന്ന നിരപരാധികളെ "ചില്ലറ ശല്യം" ചെയ്തു് ഭേദിക്കയും, ചോര കുടിക്കുകയും ആണ് ഇവരുടെ പണി.

മലങ്കാടുകളിലെ വൻമരങ്ങളിൽ വലിയ വിചിത്രമായ അറകൾ പണിതു് അതിനുള്ളിൽ പാർക്കുന്ന ഞങ്ങളുടെ സമുദായക്കാർ ഉണ്ടു്. കടന്നൽ — ഭംഗി ഈച്ചകളാണവ. സാധാരണ കടന്നലും — മലകടന്നലും — എന്നിങ്ങനെ രണ്ടിനം മാത്രം. ഇവർ ഞങ്ങളുടെ വർഗ്ഗത്തിലെ "കലഹക്കാരാണ്" ക്രൂരതയും ഉഗ്രശൗര്യവും ഉള്ള ഇവർ "അടി [illegible] വേദനപ്പെടുത്തുമാറി ക[illegible] തി. "കടന്നൽക്കൂട്ടിൽ കല്ലെറിയരുതു്"— എന്ന ചൊല്ല് ഈ ആപത്തിന്റെ മുൻകരുതലായ നാന്ദീവാചകമാകുന്നു.

ഞങ്ങളുടെ ഈ ഇനത്തിൽ തന്നെ ഉപകാരി ജീവികളായ തേനീച്ചകൾ, എന്ന കൂട്ടർ ഉണ്ടു്. നല്ല ചെറുതേനും, മെഴുകും ഉണ്ടാക്കി നാട്ടുകാർക്കു കൊടുക്കുകയാണു് ഇവരുടെ വേല. ഈ കൂട്ടർ സംഭരിക്കുന്ന തേൻ കള്ളന്മാരും, മടിയന്മാരും, അക്രമികളുമായ മനുഷ്യർ കവർന്നെടുക്കുകയാണു് പതിവു്. തേനീച്ചക്കൃഷിയെന്നു് പറഞ്ഞു് ഇക്കൂട്ടർ ഇപ്പോൾ ഞങ്ങളുടെ വർഗ്ഗക്കാരെ കുറെ ഒക്കെ ഓമനിച്ചു വളർത്താൻ തുടങ്ങിയിരിക്കുന്നു. പാലുകറന്നു കറവപ്പശുക്കളോടു് കാണിക്കുന്ന കാരുണ്യത്തിന്റെ മറ്റൊരു വശമാണിതു്.

ആവശ്യത്തിനേക്കാൾ കൂടുതൽ ധാരാളത്തിനു വേണ്ടി നിലകൊള്ളുന്ന മനുഷ്യവർഗ്ഗം ഈച്ച വർഗ്ഗത്തിൽ പെട്ട ഞങ്ങളുടെ ഇനക്കാരെക്കൊണ്ടും മുതലെടുക്കുന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ? സൂര്യൻ കിഴക്കുദിക്കാറായ്— സഹോദരിവർഗങ്ങളേ!— സ്വാതന്ത്ര്യമധു നേടിടാൻ—സോത്സാഹം മുഴുനേൽക്കുവിൻ—എന്നു തേനീച്ചകളോടു പറയുന്ന നേതാക്കന്മാർ ഇന്നുണ്ടു്. പക്ഷേ അവർ സ്വാതന്ത്ര്യമധു കുടിൽ നിറയുമ്പോൾ "മോട്ടെപ്പ്" എന്നു കള്ളുചെപ്പും കുത്തിച്ചു വന്നു് ഈ ചേരി പക്ഷത്തെ വൃദ്ധികരിക്കാനാണു ഭാവം, ഈച്ചകളിലെ കടന്നൽവർഗ്ഗം ഇതറിഞ്ഞുപോയി, മറ്റുള്ളവരും ഇതറിയും.

ഞങ്ങളെപ്പററി— മൂന്നാം തരം എച്ചിൽ ഈച്ചകളെപ്പററി— ഒരു സരസൻ പറഞ്ഞതും വായനക്കാർ ഓർക്കുമല്ലോ, സർവ്വവ്യാപകത്വം കൊണ്ടു് ഞങ്ങൾക്കു് ദൈവത്തോടും; ജനദ്രോഹം കൊണ്ടു് ഞങ്ങൾക്കു് ഒരേസമയത്തു തന്നെ ചെകിത്താനോടും സാമ്യമുണ്ടു്, പൈശാചികത്വവും, ദൈവികത്വവും ചേർന്ന വിചിത്ര സൃഷ്ടികളാണു ഞങ്ങൾ. ജീവിച്ചിരുന്നാൽ വലിയ ഉപദ്രവും, മരിച്ചുവീണാൽ വലിയ നഷ്ടവുമാണു് ഞങ്ങൾമൂലം ശുചീകരണ ബോധമുള്ളവർക്കു നേരിടുന്നതു്.

കൊതുകു നശീകരണം, ഈച്ച നശീകരണം, എന്ന ചില നശീകരണപരിപാടികൾ ഞങ്ങൾക്കെതിരായി ചിലർ തുടർന്നതായി കേൾക്കുന്നു. പക്ഷേ തിരുവിതാംകൂറിലെ "നഗരസഭ"കൾക്കൊന്നിനും ഈ അടുത്ത കാലങ്ങളിലും ഞങ്ങളെ ഇക്കാര്യത്തിൽ തോല്പിക്കാൻ കഴികയില്ലെന്നു തീർച്ചയാണു്.

# പതിമൂന്നാം പേജ്

(ബാലൻ)

പാമ്പിനെക്കൊണ്ട് ശല്യമായി. മെയിൽ ബോട്ടിൽനിന്നു ചാടിയതാണോ എന്തോ ഒരു പാമ്പ് വടക്കൻ പറവൂർ എത്തി ബോർഡും വെച്ചു പ്രാക്ടീസ് ചെയ്യുന്നുവെന്നു കേട്ടു. ബോർഡ് പാമ്പു വച്ചതല്ല. "കക്ഷി"കളായേക്കാവുന്ന ആളുകൾ വച്ചതാണ്. ഇനി ബോർഡ് ഇരുട്ടത്തു് വായിച്ചുനോക്കത്തക്ക തരത്തിൽ ഒരു വിളക്കുകൂടി ഫിറ്റ് ചെയ്താൽ നന്നായിരിക്കും. രാത്രികാലങ്ങളിലാണല്ലോ പാമ്പിന്റെ സഞ്ചാരപരിപാടി. ഇത്രയായിക്കഴിയാൽ പിന്നെ ഒരു ചായക്കടയ്ക്കും സ്ഥാനമുണ്ട്. പിന്നെ ഒരു "മലയാളരാജ്യം" ഏജൻസിയുമാകാം. കോട്ടയംകാർക്ക് ആർക്കെങ്കിലും വേണമെങ്കിൽ ഒരു ലിമിറ്റഡ് കമ്പനിയ്ക്കും സ്കോപ്പുണ്ട്. ബിസിനസ് പുഷ്ടിപ്പെടുമായാൽ മതി- ഒരു സർപ്പക്കാവു പണിയുന്ന കാര്യത്തിൽ ദേവസ്വം ഡിപ്പാർട്ടുമെന്റു ശ്രദ്ധിക്കണം.

ഈ പാമ്പിന്റെ ആഗമം എങ്ങിനെയാണെന്ന് ശ്രീ ശരി കെ. ജോസഫ് നാഗപുരാണം നോക്കി അറിയിപ്പാൻ അപേക്ഷ

* * *

ബാലനൊരു തെറ്റുപറ്റി. ഐ. എൻ. എ. കേസിനു ജഡ്ജിയായി കഴിഞ്ഞയാഴ്ച ഒരു പേരു നിർദ്ദേശിച്ചിരുന്നല്ലോ. അദ്ദേഹത്തിനു് തൽക്കാലം വരാൻ സൗകര്യമില്ല. ആ പുള്ളിക്കാരൻ (ജോൺ അമറി) മരിച്ചോ മരിച്ചിട്ടില്ലയോ എന്നു സംശയമാണത്രെ. എന്തായാലും അധികം നാൾ ജീവിക്കയില്ല, അതുകൊണ്ടു് അയാളെ ശിക്ഷിക്കല്ലതു് എന്നൊരു അഭിപ്രായം. ബാലൻ പറഞ്ഞില്ലേ. സായ്പ്പ് ആൾ നല്ലവനാ. മരിക്കുന്ന ആളുകളെ അവർ കൊല്ലാറില്ല. ഇതൊക്കെ ഇംഗ്ലണ്ടിലെ ജനങ്ങൾ വിശ്വസിക്കുന്നുണ്ടെന്നു് തെളിവുകിട്ടിയാൽ പിന്നെ ഒരാശ്വാസമാവുമായിരുന്നു. നമ്മുടെ തവിടിനും പിണ്ണാക്കിനും വിലക്കുറവുണ്ടാകുമല്ലോ എന്നു്.

* * *

സായ്പിനു് പിന്നെയുമുണ്ടു് വികല്പം. ബംഗാൾ ഗവർണർക്കൊരു കാര്യമറിയണം. ബംഗാളിലെ തടവുകാരുടെ ഒരു ലിസ്റ്റ്. അതു് ആരോടാണ് ചോദിക്കേണ്ടതു്? മൗലാനാ ആസാദിനോട്. അങ്ങനെ വരട്ടെ ചിറ്റപ്പാ. ഇപ്പഴല്ലേ മനസ്സിലായുള്ള ബംഗാൾ ഭരിക്കുന്നതു് ആസാദാണെന്ന്. ഇതു് ആസാദ് എഴുതിക്കൊടുക്കുകയും തടവുകാരെ വിട്ടയയ്ക്കുകയും ചെയ്യാത്തപക്ഷം ഗവർണർ നിയമനിഷേധം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് "എക്സ്ചേഞ്ച്" ന്യൂസുണ്ട്.

ക്ഷീരബല എണ്ണ വില്ക്കാനുള്ള (101 ആവർത്തിച്ചതു്) വൈദ്യശാലക്കാർ ബംഗാൾ പത്രങ്ങളിലും പരസ്യം കൊടുപ്പാൻ അപേക്ഷ.

* * *

1121 വൃശ്ചികം 25 വൈകുന്നേരം
കോട്ടയത്തെ ഒരു സംഭവം
എഴുതാൻ പേനയ്ക്ക് കെൽപില്ല.
പ്രസിദ്ധീകരിക്കാൻ പത്രത്തിനും.

* * *

വടക്ക് മൈസൂർ എന്നൊരു രാജ്യമുണ്ട്. അവിടെ എ. ഐ. സി. സി. സമ്മേളനത്തിന്റെ സിനിമാ ചിത്രം നിരോധിച്ചിരിക്കുന്നു. പടത്തിനിത്രയായപ്പോൾ ആ സംഘടന തന്നെയായാലോ. മറ്റു ചില സ്ഥലങ്ങളിലും നാടകം നൃത്തം മുതലായവയും നിരോധിക്കാറുണ്ട്.

"അനുകരണം ഒരു കലയാണ്."

* * *

"പാലം കടക്കുവോളം നാരായണ........ ........' മുഴുവൻ പറയുന്നില്ലല്ലോ. ബെവിൻ സായ്‌വിന്റെ അഭിപ്രായം ഐക്യമായി അധികം സ്നേഹം ആവശ്യമാണെന്നാണ്. അതുകൊണ്ടാണ് അധികം സമ്പർക്കം ഐക്യമായി വേണ്ടെന്നു വിചാരിക്കുന്നതു്. അധികം അടുത്താൽ വെറുക്കും എന്നാണ് അദ്ദേഹത്തിന്റെ തത്വം.

ബ്രിട്ടീഷ് പാർലമെന്റിലെ അംഗങ്ങളുടെ ഒരു പ്രതിനിധി സംഘം ഇൻഡ്യാക്കാരുമായി അടുത്ത സമ്പർക്കം ലഭിക്കുവാൻ ഇങ്ങോട്ടു തി

തിരിച്ചിട്ടുണ്ടെന്നു കേട്ടു. എന്താ പോരേ.

* * *

കൊട്ടാരക്കര പുനലൂർ ഭാഗങ്ങളിൽ ഇഞ്ചികൃഷി മിക്കവാറും നശിച്ചിരിക്കുന്നു. മൂവാറ്റുപുഴ താലൂക്കുകാർ ഭയപ്പെടാനൊന്നുമില്ല. പുഴുകൊണ്ടുംമറ്റുമല്ല. ജോലിക്കു് ആളെ കിട്ടാനില്ലാത്തതുകൊണ്ടാണു്. കൂലി കുറവായതുകൊണ്ടു് എല്ലാവരും പുസ്തകമെഴുത്തു തുടങ്ങിയതാണു കാരണം. കാര്യം പലതുമിലായി. അധികാരികൾ ശ്രദ്ധിക്കണം.

ഈ ബാധ കള്ളുവണ്ടിവ്യവസായത്തിലേയും ബാധിച്ചേക്കുവാൻ എളുപ്പമുള്ളതുകൊണ്ടു ഗോവിന്ദൻനായർ പ്രത്യേകിച്ചു ശ്രദ്ധിക്കണം.

* * *

ഗാന്ധിജിയും ഷേവൽസായ്‌വും തമ്മിൽ ഏതോ ഒക്കെ പറഞ്ഞു. എന്താണെന്നു നമുക്കറിഞ്ഞുകൂടാ. ഏതായാലും വല്യതായിരിക്കണം കാര്യം. ഏതു കാര്യമായാലും ഗവർമ്മെൻറു കോൺഗ്രസ്സിനു വിട്ടുകൊടുക്കാമെന്ന വാക്കു പറഞ്ഞുകാണും. കിട്ടുകയും ചെയ്യും. സായ്‌വിൻെറ സദുദ്ദേശത്തെ ആരാണു ചോദ്യം ചെയ്യുന്നതു്. ഷവാലൻെറ അവസാനതുള്ളി അസ്ഥിവരെ ആ വിമർശകനോടു ധീരധീരം എതിർക്കുന്നതാണു്. സിന്ദാബാദ്.

പിന്നെ ഒരു ചെറിയ അരുതായ്ക. ഈ ഗവർമ്മെൻറല്ലേ, അതു കുറച്ചു ഉത്തരവാദിത്വമുള്ളതാ കാര്യം. മുസ്ലീംലീഗു സഹകരിച്ചില്ലെങ്കിൽ കുഴപ്പം വല്ലതും ഉണ്ടാവുകയില്ലേ. അങ്ങനെ ഉണ്ടായാൽ സായ്‌വു ഭരണം തിരിച്ചെടുക്കാതിരിക്കാൻ നിവൃത്തിയുണ്ടോ. അതും സായ്‌വിൻെറ സദുദ്ദേശം ജനങ്ങളോടുള്ള ഉത്തരവാദിത്വം. പോരെങ്കിൽ കുറേ കക്ഷിയില്ലാ നേതാക്കന്മാർ (എന്നാൽ ഭാഷയില്ലാ ദേശാഭിമാനികൾ പോലെ) കൂടിയിട്ടുണ്ടെന്നാണു കേട്ടതു്.

* * *

ജാവായിലെ ദേശാഭിമാനികൾ ജപ്പാൻകാരുടെ സഹായികളാണെന്നു റൂട്ടർ കണ്ടുപിടിച്ചു. ജപ്പാൻകാരാണു് അവരുടെകൂടെ ഡച്ചുകാർക്കെതിരായി യുദ്ധം ചെയ്യുന്നതെന്നുംകൂടി. പക്ഷെ ഇതുതന്നെ ഇങ്ങനെ ആവർത്തിച്ചാൽ രസമില്ലല്ലോ. റൂട്ടർ ബുദ്ധിയുള്ള കൂട്ടത്തിലാണു്. പായസത്തിനു് ഉപ്പുകൂട്ടിയപോലെ, ഒന്നു മാറ്റി പറയാമെന്നുവച്ചു. ഇയ്യിടെ പറയുന്നു ബ്രിട്ടീഷ്കാർ ജപ്പാൻപട്ടാളത്തെ ഉപയോഗിച്ചു യുദ്ധം ചെയ്യുന്നെന്നു്. ഇതു കേട്ടാൽ തോന്നും ബ്രിട്ടീഷ്കാർതന്നെയാണു ജാവായിലെ ദേശാഭിമാനികൾ എന്നു്. "നമ്പൂതിരിപ്പടത്തുപോലെ" അതു നമുക്കു വല്ലതും മനസ്സിലാവുമോ?

* * *

ജനാബ് അബ്ദുൽറഹിമാൻ അന്തരിച്ചു. കേരള സംസ്ഥാനകോൺഗ്രസ്സ് കമ്മറ്റിയുടെ അദ്ധ്യക്ഷനായിരുന്നു പ്രശസ്തമായ രീതിയിൽ രാജ്യസേവനം നടത്തിയ ആ ദേശാഭിമാനിയുടെ മരണം കേരളത്തിനു് ഒരു വലിയ നഷ്ടമത്രേ". അനുശോചനയോഗങ്ങൾ കൊണ്ടൊന്നും ആ നഷ്ടം പരിഹരിക്കപ്പെടുകയില്ല. അദ്ദേഹത്തിൻെറ ആദർശങ്ങൾക്കു വേണ്ടി പ്രവർത്തിക്കുക മാത്രമാണു് അദ്ദേഹത്തോടുള്ള ശരിയായ ബഹുമാനപ്രകടനം. എങ്കിലും അനുശോചനം കൂടാതെ കഴികയില്ലല്ലൊ.

മാതൃഭൂമി റിപ്പോർട്ടനുസരിച്ചു കോഴിക്കോട്ടു വച്ചു കൂടിയ അനുശോചനയോഗത്തിൽ കമ്മ്യൂണിസ്റ്റുകാർ ആരും പ്രസംഗിച്ചതായി കണ്ടില്ല. അതു വലിയ കഷ്ടമാണെന്നു പറയാതെ തരമില്ല. ബാലനു കമ്മ്യൂണിസ്റ്റുകാരോടു് ഒരു വിരോധവുമില്ല. പക്ഷെ അബ്ദുൽറഹിമാൻെറ നിര്യാണത്തിൽ അവർക്കു് ഒരു വാക്കു പറയാൻ കഴിവില്ലെങ്കിൽ അതു കഷ്ടം തന്നെ. അബ്ദുൽറഹിമാൻെറ ജീവിതകാലമത്രയും, "ചാലപ്പുറം ഗാങ്ങ്" എന്ന കുപ്രസിദ്ധമായ പിന്തിരിപ്പൻ വലതുപക്ഷ കോൺഗ്രസ്സ് കക്ഷിയിൽനിന്നും കോൺഗ്രസ്സിനെ രക്ഷിച്ചു യഥാർത്ഥപ്രവർത്തകർക്കു സൗകര്യം കൊടുത്തതു് അദ്ദേഹമല്ലേ? ഇന്നത്തെ കേളപ്പപ്രഭൃതികളുടെ അന്നത്തെ സോഷ്യലിസ്റ്റുവിരോധത്തിൽ നിന്നും രക്ഷിക്കാൻ അദ്ദേഹമല്ലേ നിങ്ങളുടെ കൂടെ കൂടിയതു്. സംസ്ഥാനകമ്മറ്റിയിൽ കമ്മ്യൂണിസ്റ്റു ഭൂരിപക്ഷമുണ്ടായിരുന്ന കാലത്തു്, കമ്മറ്റി സസ്പെൻഡ് ചെയ്യപ്പെടുന്നതിനു മുമ്പു്, കേളപ്പനും മറ്റും അവരെ ദ്രോഹിച്ചിരുന്നപ്പോഴും, സംസ്ഥാനകമ്മറ്റിയുടെ അദ്ധ്യക്ഷനായിരുന്നു പ്രവർത്തിച്ചതു് ആ മുസ്ലിംദേശാഭിമാനിയല്ലായിരുന്നോ?

പക്ഷെ കോഴിക്കോട്ടു കൂടിയ, മഹായോഗത്തിൽ കമ്മ്യൂണിസ്റ്റുകാരെ പ്രസംഗിക്കാൻ അനുവദിക്കാതിരിക്കയാണുണ്ടായതെന്ന വാർത്ത ശരിയാണെങ്കിൽ കേരളത്തിലെ കോൺഗ്രസ്സുകാരെന്നു പറയുന്ന ബഹുമാന്യനേതാക്കന്മാർ ബാലനോടു ക്ഷമിക്കണം.

——

വിനോദഭാവന

# കരച്ചിൽപ്രക്ഷോഭണം

(കണ്ടാരൻ)

ഇൻഡോനേഷ്യൻ സ്വാതന്ത്ര്യപ്രക്ഷോഭണം, ഗ്രാൻറുവിളയ്ക്കായ പ്രക്ഷോഭണം, പലസ്തീൻ അറബി പ്രക്ഷോഭണം, കോൺഗ്രസ്സ്-ലീഗ് ആളപിടുത്ത പ്രക്ഷോഭണം, ഇവയെയെല്ലാം നിസ്സാരമാക്കുന്ന നിലയിൽ എത്തിയിരിക്കുന്നു കേരളത്തിലെ കരച്ചിൽ പ്രക്ഷോഭണം. "കരയും ഞാൻ" എന്നു ചങ്ങമ്പുഴ പാടിയതിനെ തുടർന്നാണിതു പൊട്ടിപ്പുറപ്പെട്ടതു്. മംഗളോദയം ആഫീസിൽ വച്ചുതന്നെ ഒരു കവി ഇതിനെ പ്രതിഷേധിച്ചു. "കരയില്ല" എന്നൊരാൾ. എന്നാൽ "ചിരിക്കും" എന്നു മറ്റൊരു കവി. ആറ്റ്ലിക്കഭിഭരണത്തിലെത്തിയിട്ടും കരയുകയോ എന്നു ഒരു കവി പരിഹാസം. ചാമ്പലായിട്ടും കരയുന്നതു് എന്തു് വിഡ്ഢിത്തരമെന്നു് വേറെ ചിലർ. ആറ്റംബോംബിന്റെ രഹസ്യം റഷ്യയ്ക്കും കിട്ടിയ സ്ഥിതിക്കു് എല്ലാവരും കൈകൊട്ടിച്ചിരിക്കാൻ വേറെ ചിലർ. എന്നുവേണ്ട കവികളെല്ലാം ഇരുചേരിയായി പിരിഞ്ഞു. ചങ്ങമ്പുഴയെ അനുകൂലിച്ചും പ്രതികൂലിച്ചുമുള്ള കവിതകൾ പത്രമാഫീസുകളിൽ കുന്നുകൂടി. ക്ഷാമം തീർന്നതിന്റെ കുറവു് ഈ പ്രക്ഷോഭണം കൊണ്ടു് തീരുമെന്നു് പ്രതിദിന പത്രക്കാരാശിക്കുന്നു. ആളുകൾ തടിച്ചുകൂടിയതും അച്ചടക്കം പാലിക്കുന്നതുമായ മഹായോഗങ്ങൾ നാടിന്റെ അങ്ങേഅറ്റം മുതൽ ഇങ്ങേഅറ്റം വരെ കൂട്ടാനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ചിലർ ഈ പ്രക്ഷോഭണം കത്തോലിക്കരുടെ പ്രക്ഷോഭണത്തിന്റെ വാലിൽ കെട്ടിയിട്ടു. തിരഞ്ഞെടുപ്പു കഴിയുന്നതുവരെ ഇതു മലബാറിലേക്കു ചെല്ലാതിരിക്കാൻ കാൺഗ്രസ്സ് തീവ്രയത്നം ചെയ്യുന്നു. ഇതു കാൺഗ്രസ്സിൽ പിളർപ്പുണ്ടാക്കുമെന്നും അബ്ദുറഹിമാൻ സാഹിബിന്റെ ചരമംപോലെ കാൺഗ്രസ്സിനൊരാപത്താണെന്നും ലീഗു സന്തോഷിക്കുന്നു. കരച്ചിൽ പ്രക്ഷോഭണമഹായോഗങ്ങളിൽ സ്റ്റേറ്റുകാൺഗ്രസ്സുകാർ പങ്കെടുക്കരുതെന്നു എ. ററി. സി. സി. യും കത്തോലിക്കർ പ്രസംഗിക്കരുതെന്നു് ക. കാ. ക. യും നിശ്ചയം പാസ്സാക്കി. ഈ പ്രക്ഷോഭണക്കാരെല്ലാം പു. സാ. ക്കാരാണെന്നും കമ്മ്യൂണിസ്റ്റുകാരാണു് അവർ സാഹിത്യ പരിഷത്തു യോഗത്തിൽ കലശലുണ്ടാക്കുമെന്നും അതിനാൽ നിരക്കി നിരക്കി വെച്ചു് അഞ്ചാറുകൊല്ലത്തേക്കു് എന്നുവച്ചാൽ പു. സാ. ക്കാരെല്ലാം മരിച്ചുപോകുന്നതുവരെ, പരിഷൽ സമ്മേളനം നടത്താതിരിക്കണമെന്നു ചങ്ങനാശ്ശേരി കാളേജിലെ സമ്മേളന സെക്രട്ടറിമാർ നിശ്ചയിച്ചു.

കരയും ഞാനെന്ന പ്രസ്താവന പിൻവലിക്കാൻ ആവശ്യപ്പെടുന്ന നാലായിരത്തോളം കമ്പികൾ ചങ്ങമ്പുഴയ്ക്കും അത്രയുംതന്നെ മംഗളോദയത്തിനും കിട്ടിയിട്ടുണ്ടു്. പ്രസാധന്മാരും മാനേജരെക്കൊണ്ടു ചങ്ങമ്പുഴക്കു വിപരീതമായിട്ടൊരു പ്രസ്താവന പുറപ്പെടുവിക്കുവാൻ വേണ്ട ഏർപ്പാടുകൾ പൂർത്തിയായിട്ടുണ്ടത്രെ. ചങ്ങമ്പുഴ ആവർത്തിച്ചാവർത്തിച്ചു പറയുന്നു ഞാൻ കരയുമെന്നു്. കരയാനുള്ള അവകാശം ചങ്ങമ്പുഴക്കല്ല തങ്ങൾക്കാണെന്നും സ്ത്രീകൾ ഒരു പ്രമേയം പാസാക്കി ചങ്ങമ്പുഴയ്ക്കയച്ചിരിക്കുന്നു. അവരുടെ ഒരു പ്രതിനിധി സംഘം ഡെപ്യൂട്ടേഷനായി ചെന്നു മഹാകവിയെ കാണാൻ നിശ്ചയമായിരിക്കുന്നു. കൊച്ചി പ്രജാമണ്ഡലക്കാർ പറയുന്നതു്—കരയുകയാണു വേണ്ടതെന്നും എന്നാൽ തങ്ങളോടു ചോദിക്കാതെ ഒരു പ്രസ്താവന പുറപ്പെടുവിച്ചതു തെറ്റാണെന്നുമാണു്. സി. വി. കുഞ്ഞുരാമൻ പറയുന്നു—കരയുകയും ചിരിക്കുകയുമാകാം. ഏതാണു വേണ്ടതെന്നിങ്ങു പറഞ്ഞേച്ചാൽ മതി. മലയാളരാജ്യം പറയുന്നു—ഞങ്ങൾക്കു കരഞ്ഞുകൊണ്ടു ചിരിക്കാനറിയാം. മുണ്ടശ്ശേരി—"കരയാ സുഭഗിനി നീ" എന്നു കുമാരനാശാൻ പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടാരും കരയരുതു്. ചില പെൻഷൻകാർ പറഞ്ഞു കുറെ നാൾ കരഞ്ഞിട്ടു കരച്ചിൽക്കാരൊക്കെ വേറെ പാട്ടുനോക്കിപ്പോകുമെന്നു്. തന്റെ കീഴിൽ കരയാൻ തന്നെ പിറന്ന പന്തീരായിരം പേരുണ്ടെന്നും അതുകൊണ്ടു കരച്ചിൽ പ്രസ്ഥാനത്തിനൊരു കാലത്തും യാതൊരു ക്ഷീണവും ഉണ്ടാകയില്ലെന്നും തിരുവിതാംകൂർ വിദ്യാഭ്യാസ ഡയറക്ടർ ചന്ദ്രോദയം പ്രതിനിധിയോടു് ഒരഭിമുഖ സംഭാഷണത്തിൽ പറയുകയുണ്ടായത്രെ. കരയുന്നവരില്ലെങ്കിൽ പിന്നെ ചിരിപ്പിക്കാനുള്ള വിനോദ മാസികകൾക്കു പ്രചാരമുണ്ടാകയില്ലെന്നും അതുകൊണ്ടു ചങ്ങമ്പുഴയെ സഹായിക്കാനൊരു പണപ്പിരിവു നടത്തണമെന്നും വിനോദ പത്രക്കാർ തീരുമാനിച്ചു. അണുകബോംബിനെക്കാൾ ഭയങ്കരമായ ഈ കരച്ചിൽ പ്രക്ഷോഭണത്തിനൊരു വിരാമമിടാൻ കെ. കെ. കുരുവിളയുടെ നേതൃത്വത്തിലൊരുകൂടിയാലോചന നടന്നു. അപ്പോഴും മഹാകവി ചോദിക്കുന്നു—.

കരയും ഞാൻ കരയും ഞാൻ കരയും കവികളെ
കഴുവിൽ കരേറ്റുമോ ലോകമേ നീ?

ഗ്രന്ഥവിചാരം

# നിഴലാട്ടം

## ഗ്രന്ഥകർത്താ, കുട്ടികൃഷ്ണമാരാർ.

പ്രസാധകന്മാർ; മംഗളോദയം, തൃശ്ശിവപേരൂർ. വില 1 ക. 4 ണ.

ഗദ്യപദ്യസമ്മിശ്രമായ ഈ ഗ്രന്ഥത്തിൽ, മണവറയിൽ, എന്റെ കാത്തിരിപ്പ്, പ്രഭാതോൽബോധനം, യതീന്ദ്രനാഥദാസൻ, ധന്യനാമയാളാരോ, പൂവിളി, എന്നിങ്ങനെ 18 ഗദ്യപദ്യകൃതികൾ മിക്കവാറും ഒന്നിടവിട്ടൊന്ന് എന്നമട്ടിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. പൊതുവേ പറഞ്ഞാൽ അൽപം ചില കൃതികളൊഴികെ ബാക്കിയെല്ലാം ദേശാഭിമാനത്തെയും, സമുദായപരിഷ്കാരത്തെയും ആണ് വിഷയീകരിച്ചിരിക്കുന്നതെന്ന് പറയാം. മറ്റുള്ളവ മിക്കവാറും "ലിറിക്ക്" എന്ന കാവ്യവിഭാഗത്തിൽ ഉൾപ്പെട്ടതെന്നു തോന്നുന്നു. "വരാനിരിക്കുന്ന ഒരു രംഗം" എന്നപേരിൽ അവസാനം കാണുന്ന കൃതി ഒരു ഏകാങ്കനാടകമാണെന്നുള്ളത് അതിന്റെ ഒരു വിശേഷതയാണ്.

ഒരു പക്ഷെ ഈ ഗ്രന്ഥത്തിലെ ഏറ്റവും വിശിഷ്ടമായ കൃതി ഈ ഏകാങ്കനാടകം തന്നെയായിരിക്കണം. ഭാവിയിൽ ഹരിജനങ്ങൾക്ക് ഗുരുവായൂരിൽ ക്ഷേത്രപ്രവേശനം അനുവദിക്കുന്ന പുണ്യദിനത്തിൽ ഒരു പുലയകുടുംബത്തിലെ കുട്ടികൾ ക്ഷേത്രദർശനത്തിനു പോയി നേരം താമസിക്കുന്നതു്, ക്ഷേത്രം അശുദ്ധമാക്കിയാൽ ഗുരുവായൂരപ്പൻ വാതം പിടിപ്പിക്കുമെന്നുള്ള അന്ധവിശ്വാസം വിട്ടിട്ടില്ലാത്ത പുലയി തന്റെ പൈതങ്ങൾക്ക് ആപത്തു് സംഭ

---

# രണമാടാൻ

(തിരുവാർപ്പു ബാലൻ)

അന്നുതൊട്ടിന്നോളം ഞങ്ങളോടു നിങ്ങൾ കാട്ടി
ദുർന്നയങ്ങൾ, തോക്കുപോലും നേരെ നിങ്ങൾ (കാട്ടി
കച്ചവടക്കമ്പനിയായ് ചേർന്നു നിങ്ങളാരാൽ
അഷ്ടിതേടി നിങ്ങളെന്നെത്തിയിങ്ങു ചാരെ,
വഞ്ചനയറിഞ്ഞിടാതെ സൽക്കരിച്ചു ഞാനും
സഞ്ചിതസമ്പത്തു പോലും കാഴ്ചയായി വച്ചു.
പശ്ചിമാബ്ധിയും കടന്നിങ്ങെത്തിയ സംസ്കാരം
പത്തനത്തിൽ വീർപ്പുമുട്ടിക്കുന്നിതെന്നെ പാരം
ഞാനലഞ്ഞു, ശീതളമാം ഛായയൊന്നു തേടി
നീറിനീറിനിന്നിരുന്ന ചൂളയിൽപോയ് ചാടി.
അന്തമില്ലാതിന്നു മമ സോദരരും വാഴ്വൂ
ബന്ധനത്തിൻ കൽത്തുറുങ്കിലന്തരംഗം നീറി
നാടുവിട്ടു വേറെയെങ്ങാൻ പോകു നിങ്ങൾ വേഗം
ക്രൂരരോടൊത്തു ഞങ്ങൾ ചേർന്നു മേലിലെല്ലാം നോ
ക്കാം

ഏറെക്കാലമായി നമ്മളീസ്വരം മുഴക്കം
ഇപ്പഴവർ പറയുന്നോ "ക്കുകില്ലേ പോകാൻ"
"ഇല്ല; ഇല്ല; പോകുകില്ല നിങ്ങൾ തമ്മിൽ തല്ലും
അല്ലയിൽ മുഴകി നിങ്ങൾ വീർപ്പുമുട്ടിച്ചാകും"

വിസ്മരിക്കയില്ല വിശ്വജേതൃമ്മന്യന്മാരെ
വിപ്ലവക്കൊടിപറത്തി നിൽപൂ ഞങ്ങൾ
നേരെ;
നാടുരക്ഷിക്കാൻ മുതിർന്ന സോദരരെ നിങ്ങൾ
കാട്ടുകേറിപ്പോയ രാജ്യദ്രോഹികളായ് നിന്നി.
തുംഗഹിമവാൻ കുനിഞ്ഞു ഞങ്ങളെയും
കാക്കും

ഗംഗയാറു നമ്മെ മേലിൽ പൂതരായി മാറ്റും
ആർഷസംസ്കാരം നമുക്കു ജന്മമൊന്നു തന്നു
അർഷസംസ്കാരം പുലർത്താനൊത്തു ച
വേശം—
—ഭാരതത്തിൻ മേന്മ നമ്മൾ നീളെ നി
നിർത്താം

ഭാവിഭാരതം ചമയ്ക്കാനൊത്തു ചേരു വേഗം
തോക്കുമില്ല വാളുമില്ലരികളോടെതിർക്കാൻ
തോൽക്കുകില്ലഹിംസയാകും തോക്കു നമ്മൾക്കു
ണ്ടു്

കാഹളം മുഴക്കിൻ; നിങ്ങളൊത്തു രണമാടാൻ
കാലമില്ല; കർഷകർ നാം കാലികളായ്
നിൽക്കാൻ:

വിചാരിക്കുമെന്ന് ഭയപ്പെടുന്നതും, പുലയൻ ആ ഭീതിയുടെ അർത്ഥശൂന്യത പറഞ്ഞുകൊടുക്കുന്നതിനിടയിൽ കുട്ടികൾ തിരിയെ വരുന്നതും, അമ്പലത്തിലെ വിശേഷമായ ആചാരങ്ങൾ, കാഴ്ചകൾ മുതലായവയെപ്പറ്റി അവർ മാതാപിതാക്കന്മാരെ ധരിപ്പിക്കുന്നതും, ഒടുവിൽ മേൽജാതിക്കാരുടെ മാതൃകയിൽ ശുചിത്വത്തോടുകൂടി ജീവിക്കണമെന്ന് അവർക്ക് അഭിലാഷം ജനിക്കുന്നതുമാണ് ഈ ഏകാങ്കനാടകത്തിലെ പ്രതിപാദ്യം.

ആകപ്പാടെ നാടകം വളരെ നന്നായിട്ടുണ്ടെന്ന് ആരും സമ്മതിക്കും. തള്ളയുടെയും, തന്തയുടെയും, മൂത്ത ആൺകുട്ടിയുടെയും, ഇളയ പെൺകുട്ടിയുടെയും സ്വഭാവങ്ങൾക്ക് തമ്മിലുള്ള അന്തരങ്ങൾ തെളിച്ചുകാണിക്കാൻ മി. മാരാർക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ളതിൽ തീർച്ചയായും അദ്ദേഹത്തെ അഭിനന്ദിക്കണം. ഇന്നത്തെ അപേക്ഷിച്ച് കാലം പുരോഗമിച്ചിട്ടും പുലയി അന്ധവിശ്വാസം ധാരാളം പ്രദർശിപ്പിക്കുന്നു. അവളുടെ മാതൃസ്നേഹമധുരമായ വാക്കുകൾ ആരെയും ആകർഷിക്കാതിരിക്കയില്ല. പക്ഷെ പുലയൻ ഒരു പരിഷ്കാരിയാണ്. അവന്റെ വാക്കുകൾ ഫലിതമയങ്ങളും; അർത്ഥഗർഭങ്ങളും യുക്തിയുക്തങ്ങളുമായിരിക്കുന്നു. ഒരു പക്ഷെ മി. മാരാർ ഉദ്ദേശിക്കുന്ന ഭാവിയിൽ [illegible]യായാലും ഈ മാതിരി ഒരു പുലയനെ സൃഷ്ടിക്കാൻ അല്പം പണിയല്ലേ എന്നു ശങ്കിക്കുന്നവരുണ്ടാകാം. പുലയിയുടെ വേഷവും അവളുടെ ആശയങ്ങളും തമ്മിൽ പൊരുത്തക്കേടൊന്നുമില്ലെന്നു കാണാം. പുലയന്റെ വേഷം നാടകത്തിൽനിന്നു വ്യക്തമല്ല. പുലയിയുടെ വേഷത്തിൽനിന്ന് അവന്റെ വേഷവും കൂടി അനുമാനിക്കാൻ അനുവദിക്കുന്നെങ്കിൽ അതും, അവന്റെ ആശയങ്ങളും തമ്മിൽ അത്ര പൊരുത്തമുണ്ടെന്ന് വിധിക്കാവുന്നതല്ല. ഒരു പക്ഷെ വേഷവും ആശയവും തമ്മിലെന്താണ് ബന്ധമെന്ന് ചിലർക്ക് തോന്നിയേക്കാം. ഈ പ്രത്യേക സന്ദർഭത്തിൽ അവ തമ്മിൽ ബന്ധമുണ്ടെന്ന് പറയേണ്ടതുണ്ട്. കുട്ടികളുടെ കാര്യത്തിൽ, മൂത്തവന്റെ കൂട്ടത്തിൽ സൂക്ഷ്മബുദ്ധിയും, വസ്തുസ്ഥിതികളെപ്പറ്റിയുള്ള പരിജ്ഞാനവും, ഇളയ പെൺകുട്ടിയുടെ ഇളമയും, അവയോടൊപ്പം തന്നെ ആൺ പെൺ വ്യത്യാസവും മി. മാരാർ നല്ലവണ്ണം [illegible]പ്പിക്കുന്നുണ്ടെന്നേ സമ്മതിച്ചേ മതിയാവൂ. ഇവയിലെല്ലാം അദ്ദേഹം മതിയായ [illegible] വാസ്തവികതയോടെ ഭംഗിയായി പ്രദർശിപ്പിക്കുന്നു.

കഥാഗതിയുടെ വേഗം ഉചിതമായ തോതിൽ പരിപാലിക്കാൻ നല്ല കലാബോധത്തോടെ ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുണ്ട്. ഒരിടത്തും അതു തട്ടിത്തടയുകയോ സ്തംഭിക്കയോ ചെയ്യാതെ ശരിക്കു അവസാനംവരെ ഒഴുകുകതന്നെ ചെയ്യുന്നു. അനൗചിത്യങ്ങൾ ഏറ്റവും കുറവാണെന്നുള്ളതിൽ സംശയമില്ല. സംഭാഷണത്തിൽ പ്രയോഗിച്ചിരിക്കുന്ന ഭാഷ പുലയരുടേതു തന്നെ. തന്നിമിത്തമുള്ള വാസ്തവികതയും അന്തരീക്ഷശുദ്ധിയും പരിഷ്കരിക്കപ്പെടേണ്ടവയാണ്. പൊതുവേ നാടകം ഏതാണ്ടു അസൂയാജനകമായ ഒരു വിജയത്തിൽ കലാശിച്ചിരിക്കുന്നു എന്നുതന്നെ പറയാം.

ഗദ്യമെഴുതാൻ മി. മാരാർക്കുള്ള കഴിവിനെ ആരും ചോദ്യം ചെയ്യുന്നതല്ല. "ഗദ്യശൈലി" എന്ന തന്റെ ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്ന മിക്ക ഭാഷാദോഷങ്ങൾക്കും ഉദാഹരണം അദ്ദേഹത്തിന്റെ ഭാഷയിൽ തന്നെയുണ്ട്. എങ്കിലും കേരളത്തിലെ എണ്ണപ്പെട്ട ഗദ്യകാരന്മാരിൽ ഒരാൾ തന്നെയാണ് മി. മാരാർ. പദ്യത്തിലായാലും ഗദ്യത്തിലായാലും വാക്കുകൾ ധൂർത്തടിക്കുന്ന പതിവ് അദ്ദേഹത്തിനില്ല. സരസതയും സരളതയും അദ്ദേഹത്തിന്റെ പ്രതിപാദനത്തിൽ കാണാം. പക്ഷെ ഈ ഗ്രന്ഥത്തിലെ ഉപന്യാസങ്ങളിൽ ഗദ്യത്തേക്കാൾ കൂടുതലായി കാവ്യശൈലിയാണു പ്രത്യക്ഷമാകുന്നതു്. ഹൃദയത്തിൽ തട്ടിയ കാര്യങ്ങളെയാണു മി. മാരാർ ഇവയിലെല്ലാം പ്രതിപാദിക്കുന്നതു്. അതിനാൽ കാവ്യത്തിന്റെ ശക്തി അവയ്ക്കു ലഭിച്ചിട്ടുണ്ടെന്നു തോന്നുന്നു. നമ്പൂതിരി വിധവാവിവാഹം, പ്രഭാതോൽബോധനം, പൂവിളി മുതലായ കൃതികളെല്ലാം ഇതിനു് ഉദാഹരണങ്ങളാണു്. പത്രങ്ങൾക്കും മറ്റും ലേഖനമെഴുതുന്ന മി. മാരാരെയല്ല ഇവയിൽ നാം കാണുന്നതു്. നമ്പൂതിരി വിധവാവിവാഹം ശ്രീ വി. ടി. ഭട്ടതിരിപ്പാട് ഒരു അന്തർജ്ജനവിധവയെ വിവാഹം ചെയ്തതിനെപ്പറ്റി എഴുതിയതാണ്. പൂവിളിയിൽ ഈശ്വരനും പൂവിലെ ദിവ്യമായ അഴകും ഒന്നുതന്നെയാണെന്നുള്ള തത്വം അടങ്ങിയിരിക്കുന്നതായി അദ്ദേഹം സമർത്ഥിക്കുന്നു. പ്രഭാതോൽബോധനം ഭാരതത്തെ അടിമത്തത്തിൽ നിന്നു മോചിപ്പിക്കുന്നതിനുവേണ്ടി അരയും തലയും മുറുക്കാനുള്ള ഒരു ആഹ്വാനമാണ്. ഇവയെല്ലാം തന്നെ വായനക്കാരുടെ ഹൃദയത്തിൽ തുളച്ചുകയറാനുള്ള ഒരു കഴിവുണ്ട്. തീക്ഷ്ണവും ഉജ്ജ്വലവുമായ ഒരു പ്രതിപാദനരീതികൊണ്ടു അവയെല്ലാം ആകർഷകങ്ങളാണ്. മറ്റു ഗദ്യകൃതികൾ മറുതരത്തിലാണെന്നു വായനക്കാർ ഇവിടെ തെറ്റിദ്ധരിക്കയില്ലെന്നു വിചാരിക്കുന്നു.

ഈ കൃതികളിൽനിന്നു മി. മാരാരുടെ പദ്യകൃതികളിലേയ്ക്കു പറയത്തക്ക അകലമൊന്നുമില്ല. എന്നാൽ പദ്യത്തിൽ അദ്ദേഹം ഒരു വിജയിയായിത്തീർന്നിട്ടുണ്ടെന്നു പറഞ്ഞുകൂട. ഒരുവേള അദ്ദേഹത്തിനുതന്നെ ഈ കഥ മനസ്സിലായിട്ടുണ്ടായിരിക്കണമെന്നു തോന്നുന്നു. "മണവറയിൽ" എന്ന പദ്യകൃതിയിൽ വിവാഹശേഷം ആദ്യമായി കണവൻ ശയ്യാഗൃഹത്തിൽവെച്ചു വധുവിനെ കാണുന്നതാണു വർണ്ണിച്ചിരിക്കുന്നതു്. വധു, ലജ്ജയാലോ മറ്റോ കമഴ്ന്നു കിടക്കുമ്പോൾ തനിക്കുണ്ടാകുന്ന വിചാരങ്ങൾ മി. മാരാർ പ്രതിപാദിക്കുന്നു. മിക്കവാറും അതു ശ്ലോകസ്പർശിയാണു്. ആഹ്ലാദത്താൽ താനറിയാതെ കിടക്കയിൽനിന്നു ഉയർന്നുപോകുന്നു എന്നു അദ്ദേഹം പറയുമ്പോൾ ബാക്കിയുള്ള നിശ്ചലതയും ആ ചലനവും തമ്മിൽ ഒരു യോജിപ്പില്ലായ്മ തോന്നുന്നതാണു്. ഇങ്ങനെ ആഹ്ലാദത്താൽ ഉയർന്നതായി വായിച്ചതിനു ശേഷം ഹൃദയസ്പർശകമായ ശ്ലോകത്തിലെത്താൻ വായനക്കാർ അധികം താമസിക്കണമെന്നില്ല. എന്നുതന്നെയല്ല, ഇരുന്നു ചിന്തിക്കുന്ന ഒരുവനെപ്പോലെ കവിതയെഴുതുന്ന മി. മാരാർക്കു നിശ്ചലചിത്രങ്ങളല്ലാതെ, ചലച്ചിത്രങ്ങൾ രചിക്കാൻ കഴിവില്ല താനും. ഇതൊരു വലിയ ദോഷമായിരിക്കയില്ല. എന്തെന്നാൽ അദ്ദേഹത്തിന്റെ പല നിശ്ചലചിത്രങ്ങളും നിർജ്ജീവങ്ങളാണെന്നു പറയാൻ വയ്യാ. എങ്കിലും മി. മാരാർ വധുവിന്റെ അടുക്കൽ കിടന്നു പലതും ചിന്തിക്കുമ്പോഴും, ലജ്ജകൊണ്ടായാൽ തന്നെയും, ആ പെൺകുട്ടി വെറും തടിപോലെ കിടക്കുന്നതു കവിതയിൽ ഒരു കുറ്റമായിട്ടേ തോന്നുകയുള്ളൂ. അഥവാ, ചിത്രത്തിനു ഒരു തികവു വരുത്താൻ അവൾ യാതൊരു വിധത്തിലും സഹായിക്കുന്നതായി തോന്നുന്നില്ല. ഈ ഒരു കൃതിയിൽ മാത്രമേ ഇങ്ങനെ കണ്ടിരുന്നുള്ളൂ എങ്കിൽ അതിന്റെ അനൗചിത്യം അത്രതന്നെ പറയാനില്ലെന്നു കരുതാമായിരുന്നു. എന്നാൽ, മറ്റു പല കൃതികളുടെയും സ്വഭാവം മേൽപറഞ്ഞതുതന്നെയാണെന്നു കാണുമ്പോൾ അതു തൽക്കാലത്തെ ഔചിത്യംകൊണ്ടുണ്ടായതല്ലെന്നും, ജാത്യാലുള്ളതു തൂത്താൽ പോകയില്ലെന്നും മനസ്സിലാകുന്നതാണു്.

"ധന്യനാരയാളാരോ!" എന്ന കൃതി നോക്കുക. പലതരത്തിൽ മുകിൽമാലകൾ വെട്ടിനാല്പാളമിട്ടിരിക്കുന്ന ഒരു തയ്യൽക്കാരിയാണു് ഇതിലെ സന്ധ്യ, അടുത്തുതന്നെ ചന്ദ്രലേഖയാകുന്ന നതാംഗിയാൾ തനിക്കായിത്തയ്ച്ചൊരുക്കിടുന്ന പുടവത്തരം നോക്കിനിൽക്കവെ അവളുടെ കോമളവദനത്തിൽ ഒരു പുഞ്ചിരി പുലരുന്നു. പൊന്നുടുപ്പുകളുമണിഞ്ഞു് അന്നു രാത്രി അവൾ കാണാൻ ഉദ്ദേശിക്കുന്ന ധന്യൻ ആരായിരിക്കാം എന്നു് ഈ കൃതി അവസാനിക്കുന്നു. സന്ധ്യയ്ക്കു കടൽപ്പുറത്തു പോയിരുന്നപ്പോൾ വെറുതെ അലസമായി വന്നുകയറിയ ഒരു കാവ്യാശയത്തെ കുറിച്ചിടേണ്ട എന്നു കരുതിയതിന്റെ മാത്രം ഫലമാണു് പ്രസ്തുത കൃതിയെന്നു തോന്നിപ്പോകുന്നു. മറ്റുവല്ലവരുമായിരുന്നെങ്കിൽ അടുത്തുള്ള കൂട്ടുകാരനോടു് ഒന്നു പറഞ്ഞിട്ടു മറന്നുകളയുന്ന കാര്യമേ ഈ "ധ്വനികാവ്യത്തിൽ" ഉള്ളൂ. അതിൽ കാണുന്ന സന്ധ്യയും ചന്ദ്രലേഖയും നിശ്ചലങ്ങൾ തന്നെ. അവയുടെ ഉള്ളിൽ ഒരു ചൈതന്യസ്ഫുരണം ഇല്ലെന്നില്ല. പക്ഷെ അതിനു അനുസരണമായ ചലനസ്വഭാവം ചിത്രത്തിനില്ലെന്നു സ്പഷ്ടം. മി. മാരാർക്കു Static Pictures എഴുതാനാണു് വാസന. ധന്യനാരയാളാരോ, എന്നൊരു വിചാരം മാത്രം എവിടേയ്ക്കോ പറന്നുപോകുന്നു എന്നാണു് വായന കഴിയുമ്പോൾ തോന്നുക. അതെങ്ങോട്ടു പോകയെന്നു് അന്വേഷിക്കുന്നതിനേക്കാൾ ഭേദം കാറ്റിൽ പറക്കുന്ന അപ്പൂപ്പൻതാടിയുടെ പിറകെ ഓടുകയാണു്. ആകപ്പാടെ അത്രതന്നെ ഗൗനിക്കേണ്ട ആവശ്യമില്ലാത്ത ഒന്നിനെപ്പറ്റി കവി കൂടുതൽ ഗൗനിക്കുന്നു എന്നേ ഈ കവിതയെപ്പറ്റി പറയാനുള്ളൂ. "വേദ്യാലയാനം" എന്ന കൃതിയിൽ ഗദ്യത്തിൽ പറയേണ്ട കാര്യങ്ങളാണു് കാണുന്നതു്. "അച്ഛനും അമ്മയും" എന്ന കൃതിയിൽ ഭാര്യ മരിച്ച ഒരു സ്ത്രീയുടെ ഭർത്താവു് കുട്ടിക്കു മുല കൊടുക്കാനുള്ള അത്യഭിവാഞ്ഛയാൽ മുലയും, സ്ത്രീസഹജമായ നിതംബവും മറ്റും വന്നതിനാൽ ഒരു സ്ത്രീയായി രൂപാന്തരപ്പെട്ടു പോകുന്നതാണു് പ്രതിപാദ്യം. ഇതു് മനശ്ശാസ്ത്രപരമായ ഒരു ഒന്നാംതരം കാവ്യത്തിനു വിഷയമാകുമെങ്കിലും മി. മാരാർ ഒരു കഥ മുഴുവൻ "റിപ്പോർട്ടു" ചെയ്യുന്ന ഒരു പത്രാധിപരെപ്പോലെയാണു് അതിൽ പ്രത്യക്ഷനാകുന്നതു്.

ആകപ്പാടെ ഗദ്യത്തിൽ വിഹരിക്കാൻ നല്ല ശേഷിയുള്ള മി. മാരാർ പദ്യവ്യവസായത്തിൽനിന്നു് വിരമിച്ചിട്ടുണ്ടെങ്കിൽ അതു് നന്നായിരുന്നേനെയെന്നു് "നിഴലാട്ടം" വല്ലവണ്ണം ചെവിക്കൊള്ളപ്പെട്ടതുന്നതുണ്ടെന്നു മാത്രമേ ഇവിടെ അവസാനമായി പറയേണ്ടതുള്ളൂ.

(പി. ദാമോദരൻപിള്ള)

ചെറുകഥ

# താരുണ്യം താരുണ്യത്തിന്റെ പിമ്പേ

(പി. എ. എ ഖാദർ)

പ്രഭോ,

ആയിരമായിരം മൈലുകൾക്കപ്പുറത്തു്—കണ്ണെത്താത്ത ദൂരത്തിൽ നിന്നുകൊണ്ടാണു ഞാൻ അങ്ങേയ്ക്കു് ഈ എഴുത്തെഴുതുന്നതു്. മൂന്നു സംവത്സരങ്ങളായി അങ്ങയോടു പലപ്പോഴും പറയണമെന്നു തോന്നിയിട്ടുള്ളതും, എന്നാൽ ഒരിക്കലും പറഞ്ഞിട്ടില്ലാത്തതുമായ ആ രഹസ്യങ്ങൾ—ആത്മരഹസ്യങ്ങൾ ഈ ലേഖനത്തിലൂടെ അങ്ങയെ അറിയിച്ചുകൊള്ളട്ടെ.

എന്റെ പെട്ടെന്നുള്ള തിരോധാനം അങ്ങയെ സംഭ്രമിപ്പിച്ചിരിക്കാം. എങ്കിലും ദുഃഖിക്കയില്ലെന്നു കരുതുന്നു. ഞാൻ അങ്ങേയ്ക്കു വലിയ കാര്യമൊന്നുമല്ല. കേവലം ആയിരത്തിലൊന്നു്!

അങ്ങു് ബാങ്കറാണു്. മഹാ കുബേരനാണു്. പോരെങ്കിൽ പേരുകേട്ട പൊതുകാര്യപ്രസക്തൻ. അങ്ങേയ്ക്കു നാലും വാലുമുണ്ടു്.

ഒന്നാമതായി അങ്ങൊരു മഠയത്തരം കാണിച്ചു. പല പല പൊന്നോമന സ്വപ്നങ്ങളുടെ സാക്ഷാത്കാരത്തിനു വെമ്പൽ പൂണ്ടു നിൽക്കുന്ന ഒരു സ്ത്രീഹൃദയത്തെ വെള്ളിനാണയങ്ങളുടെ മന്ദ്രധ്വനിയിൽ മയക്കാമെന്നു്, അവളുടെ ആഗ്രഹങ്ങളുടെ ശവക്കല്ലറ പണിയാമെന്നു വിചാരിച്ചു.

വാർദ്ധക്യത്തോടടുത്ത അങ്ങു യൗവ്വനമണ്ഡപത്തിലേക്കു പെരുവിരൽമാത്രം ഊന്നിയിട്ടുണ്ടായിരുന്ന എന്നെ വിവാഹം ചെയ്തു. അങ്ങയുടെ രണ്ടാമത്തെ ഭാര്യ ആണല്ലോ ഞാൻ! അങ്ങു് എനിക്കു വേണ്ടതൊക്കെ തന്നുവെന്നു കരുതി. എന്നാൽ ഒരു യുവതി ആഗ്രഹിക്കുന്നതേതോ, അഭിലഷിക്കുന്നതേതോ അതുമാത്രം എനിക്കു ലഭിച്ചില്ല. അതൊഴിച്ചു ബാക്കി എല്ലാം അങ്ങെനിക്കു നൽകി. ഒരു യുവഹൃദയം, എന്നെ വിശ്വസിക്കുന്ന—എന്നെ പ്രേമിക്കുന്ന—എന്നെ ആരാധിക്കുന്ന ഒരു യുവഹൃദയം! അതാണു് എനിക്കാവശ്യം.

അങ്ങു് എന്നിൽനിന്നും വളരെ അകന്നു വർത്തിച്ചു. വളരെ വളരെ അകന്നു്. ഒരു ഭർത്താവിനു ഭാര്യയോടു ചില അധികാരങ്ങളുണ്ടെന്നുള്ള വസ്തുത ഞാൻ മറക്കുന്നില്ല. അതുപോലെ ഭാര്യയ്ക്കു് ചില കടപ്പാടുകളും.

ഞാൻ അങ്ങയുടെ ഇഷ്ടങ്ങൾക്കു വഴങ്ങി. അങ്ങു പറഞ്ഞതെല്ലാം—ആജ്ഞാപിച്ചതെല്ലാം ഒരണുവും തെറ്റാതെ—ഒരു പിഴയും വരുത്താതെ ഞാൻ ചെയ്തു. അങ്ങയുടെ ഇഷ്ടമേതോ അതു് എന്റേയും ഇഷ്ടമെന്നു ഞാൻ കരുതി എന്നിട്ടും......

പരമാർത്ഥത്തിൽ അങ്ങേയ്ക്കു് ഒരു ഭാര്യയെ അല്ലായിരുന്നു ആവശ്യം. ഒരു "സൂക്ഷിപ്പുകാരിയെ". തന്റെ ഗൃഹത്തേയും അതിൽ ഉൾപ്പെട്ട എല്ലാവറ്റയേയും സൂക്ഷിച്ചു രക്ഷിച്ചു പോരുന്നതിനു വിശ്വസ്തയായ ഒരു ഭൃത്യയെ. അതിനു് അങ്ങു് എന്നെ വിവാഹം കഴിച്ചു. കേവലം 16 വയസ്സു മാത്രം പ്രായമുണ്ടായിരുന്ന എന്നെ ഷഷ്ടിപൂർത്തി അടുക്കാറായ അങ്ങു്!

എന്റെ അച്ഛൻ നിർദ്ധനനായിരുന്നു. പലതുകൊണ്ടും ഒരു കഴിവറ്റ കാലവുമായിരുന്നു അതു്. പോരെങ്കിൽ ചില കടബാദ്ധ്യതകളും.

ആ അവസരത്തിൽ അങ്ങു് അച്ഛനെ സമീപിച്ചു, തന്റെ അഭിലാഷത്തെ അറിയിച്ചു. ആദ്യം അദ്ദേഹം വിസമ്മതിച്ചു. അനുകൂലിക്കുവാൻ നിവൃത്തിയില്ലെന്നു പറഞ്ഞു. അങ്ങു് നയത്തിൽ ഓരോരോ കരുവും പ്രയോഗിക്കുവാൻ തുടങ്ങി. ഒടുവിൽ കുടുംബത്തിന്റെ നിലയില്ലാത്ത നിൽപിനെ വിവരിച്ചു. അച്ഛന്റെ ദുർബ്ബലാവസ്ഥയെ വിവരിച്ചു.....അച്ഛൻ ഒരു ദുർഘടസന്ധിയിലെത്തി. വല്ലാതെ കുഴങ്ങി. ഒടുവിൽ മൗനസമ്മതം നൽകി. പ്രായത്തിന്റെ അകൽച്ച അദ്ദേഹവും വലിയ കാര്യമായി കരുതിയില്ലായിരിക്കാം. അങ്ങയുടെ ധനസ്ഥിതി, പ്രതാപം, യശസ്സു് ഇവയെല്ലാം അദ്ദേഹത്തെ തികച്ചും തൃപ്തനാക്കി.

മൂന്നു സംവത്സരങ്ങൾക്കു മുൻപാണിതു്. അങ്ങും അച്ഛനും തമ്മിൽ നടന്ന ആ സംഭാഷണം മുഴുവനും അടുത്ത മുറിയിലിരുന്ന ഞാൻ കേട്ടു, ഒരക്ഷരം വിടാതെ. തന്റെ വിവാഹത്തെക്കുറിച്ചു് ആരെങ്കിലും സംസാരിക്കുമ്പോൾ യുവതികൾ തികച്ചും ലജ്ജിതകളായിത്തീരാറുണ്ടെങ്കിലും അതു് അവർ സശ്രദ്ധം ശ്രവിക്കുകതന്നെ ചെയ്യും; ഒരു വാക്കുപോലും തെറിച്ചു പോകാതെ.

അവൾക്കറിയണം തന്റെ ഭാവിവരനെ; ജീവിതസഖാവിനെ. ആ അറിവിൽ—അറി

വിന്റെ ഉറവിൽ അവൾ ആനന്ദിക്കും. അവൾക്കറിയാം തന്റെ ജീവിതത്തിന്റെ നിലനിൽപ്പ് ആ നൂലേണിയിലാണെന്നു്. ജീവിതാനന്ദം മുഴുവൻ ഇങ്ങിനിരിക്കുന്നതു് ആ തുലാസിലാണെന്നു്!

ഒരു യുവഹൃദയത്തെക്കുറിച്ചു് അങ്ങു് ചിന്തിച്ചിട്ടുണ്ടോ? ആ മൺമറഞ്ഞ ഭൂതകാലത്തെ ഒന്നു സ്മരിച്ചാലും. പിൻതിരിഞ്ഞു നോക്കിയാലും.

— എന്തെന്തു് അഭിലാഷങ്ങൾ അങ്ങയുടെ ഹൃദയത്തിൽ തിങ്ങിവിങ്ങിയിട്ടില്ലായിരിക്കാം! ഏകാന്തതയുടെ മാമലർത്തോപ്പിലിരുന്നു് എന്തെന്തു ഭാവനാചിത്രങ്ങൾ വരച്ചിട്ടില്ലായിരിക്കാം! ആ സങ്കല്പ നൂലേണിയിലൂടെ എത്ര പ്രാവശ്യം ആകാശത്തോളം ഉയർന്നിട്ടില്ലായിരിക്കാം!

അങ്ങു വിവാഹിതനായി. പ്രതീക്ഷകൾ സാഫല്യപ്പൊന്നണിഞ്ഞു. അവരുടെ ആ ഛായാപടം ഇന്നും ആ മണിമന്ദിരത്തിലെ വെൺഭിത്തിയെ അലംകരിക്കുന്നുണ്ടല്ലോ.

അവർ സുശീലയായിരുന്നുവെന്നാണു് എന്റെ അറിവു്. അങ്ങയുടെ അഭിപ്രായവും അതുതന്നെ. അവരുടെ കാണപ്പെട്ട ദൈവം അങ്ങായിരുന്നുവെന്നു അങ്ങുതന്നെ എത്ര പ്രാവശ്യം എന്നോടു പറഞ്ഞിട്ടുണ്ടു്. ആ മനസ്വിനി അങ്ങയെ സ്നേഹിച്ചു. സർവ്വാത്മനാ ആരാധിച്ചു. അതിനു് അങ്ങു് അവർക്കു നൽകിയ പ്രതിഫലമെന്തു്?

ഒരു വസ്തുത ഞാൻ വെളിപ്പെടുത്തട്ടെ. അങ്ങയുടെ രഹസ്യഡയറി ഞാൻ വായിച്ചു. അപ്രതീക്ഷിതമായിട്ടാണു് അതു കണ്ടതു്. ഹോ! അങ്ങു ചെയ്തിട്ടുള്ള ഓരോ പ്രവൃത്തികൾ! എന്തെന്തു ബീഭത്സചിത്രങ്ങൾ! ഞാനെല്ലാം അതിന്റെ നഗ്നരൂപത്തിലൂടെ കണ്ടു. അതൊന്നും ഞാനിവിടെ കുറിക്കുന്നില്ല. എന്തിനെഴുതണം?

അങ്ങു് അവരെയും ചതിച്ചു. നൂറു നൂറായിരം സ്ത്രീകളെ അങ്ങു വഞ്ചിച്ചിട്ടുണ്ടെന്നു എനിക്കറിയാം. ഒടുവിൽ അങ്ങു് എന്നെയും. എങ്ങിനെയെന്നു് അങ്ങു ചോദിക്കുമായിരിക്കാം.

ചാരിത്ര്യം സ്ത്രീകൾക്കു മാത്രമേയുള്ളുവെന്നു കരുതുമെങ്കിൽ അതു പരമാബദ്ധമാണു്. പുരുഷൻ പതിതനാകുമ്പോൾ സ്ത്രീയും പതിതയാകുന്നു.

യൗവനം മുഴുവൻ അങ്ങു വേശ്യാലയങ്ങളിൽ കമഴ്ത്തികളഞ്ഞു. ഇന്നും പുതുപുഷ്പങ്ങൾ തേടി പറന്നുപോകുന്നു. നവംനവങ്ങളായ പാനപാത്രങ്ങളിൽ മധുപാനം ചെയ്യുന്നു. അതിലാണു് അങ്ങയുടെ സംതൃപ്തി. അങ്ങയ്ക്കു ഹൃദയമല്ല ആവശ്യം മാംസം. മാംസം മാത്രം! ആ വിലക്കപ്പെട്ട ഫലങ്ങൾ അങ്ങു് മോഹിക്കുന്നു. ഓരോ ഉപായങ്ങളിലൂടെ കരസ്ഥമാക്കുന്നു.

അങ്ങയ്ക്കു പണം ആവശ്യത്തിലധികമുണ്ടു്. അവർക്കു തീരെയില്ല. അങ്ങയ്ക്കു മാംസം വേണം. അവർക്കു പണവും. അങ്ങു മാംസത്തിന്റെ വിശപ്പിൽ പൊരിയുന്നു. അവർ വയറിന്റെ പൊരിച്ചലിൽ അലയുന്നു. എന്തൊരു വൈരുദ്ധ്യം!!

അങ്ങയിൽ വിശ്വസിച്ചിരുന്ന—സർവ്വവും സമർപ്പിച്ചിരുന്ന ഒരു ജീവിതസഖിയായിരുന്ന കാര്യം അങ്ങു മറന്നു. ഇപ്പോഴും മറക്കുന്നു. അങ്ങു് യഥേഷ്ടം മധുവുണ്ടു് മതിമറന്നു ആമോദിക്കുകയാണു്.

ആ മഹതി ഒടുവിൽ അങ്ങയുടെ പ്രവൃത്തികളെ അറിഞ്ഞു. അവർ കോപിച്ചില്ല. പിണങ്ങിയില്ല. സഗൽഗദം അങ്ങയോടു അപേക്ഷിക്കുക മാത്രം ചെയ്തു. അങ്ങു് വകവെച്ചില്ല. അവർ വീണ്ടും വീണ്ടും അപേക്ഷിച്ചു. താന്തയായി കേണു. എന്തിനു? അങ്ങു് ആ ദുഷിച്ച നടപടികളെ കൈവെടിയുവാൻ, അതിൽനിന്നൊക്കെ പിൻതിരിയുവാൻ. അങ്ങു് കുന്നിപോലും കൂസിയില്ല, നെല്ലിട വകവച്ചില്ല.

എന്തിനു് വകവയ്ക്കണം? അങ്ങു് ഭർത്താവും അവർ ഭാര്യയുമല്ലേ?

അങ്ങു് വീണ്ടും തുടർന്നു ആ സ്വച്ഛന്ദവിഹാരം; അല്ല വേട്ടയാടൽ! സാധുക്കളായ തരുണികളുടെ നേരെയുള്ള വേട്ടയാടൽ!!

ഒരു സ്ത്രീയ്ക്കു് അധികകാലം അങ്ങനെ ജീവിക്കുവാൻ സാധിക്കുകയില്ല. ഒരു ഭാര്യയ്ക്കു് കഴികയില്ല തന്റെ ഭർത്താവിന്റെ വഴിപിഴച്ച ഗമനത്തെ കണ്ടുകൊണ്ടു കണ്ടില്ലെന്നു നടിക്കുവാൻ

ആ സ്ത്രീഹൃദയം വെന്തുരുകുകയായിരുന്നു. കനൽക്കട്ടമേൽ കിടന്നു ദഹിക്കുകയായിരുന്നു. അങ്ങിനെ ആ ഹൃദയം തകർന്നു. ജീവിതം ശിഥിലമായി. ആ മഹതി പട്ടടയിൽ ഹൃദയശാന്തി നേടി, വെറും ഇരുപത്തഞ്ചാമത്തെ വയസ്സിൽ.

അങ്ങയെ മാത്രം സ്മരിച്ചുകൊണ്ടു്, അങ്ങയുടെ നാമംമാത്രം ഉരുവിട്ടുകൊണ്ടു അവർ മൃത്യുവശഗയായി. ആ അന്ത്യനിമിഷത്തിലും തന്റെ പുത്രി "മാലതി"യെ ഹൃദയത്തോടു ചേർത്തു നിർത്തി ഉച്ചരിച്ചതു് അങ്ങയുടെ നാമം

മാത്രമായിരുന്നു.

അതൊന്നും അങ്ങ് ഓർക്കുന്നില്ല. ഓർക്കേണ്ടതേ ഓർക്കുന്നുള്ളൂ. മറക്കേണ്ടതായി ഒട്ടുവളരെയുണ്ട്. ആ മറവിയിലാണ് ഇന്ന് അങ്ങ് ജീവിക്കുന്നത്. ഇന്നും പരിപൂർണ്ണമായിട്ട് മറക്കുവാൻ കഴിയുന്നില്ല. എല്ലാം ഓർമ്മിക്കേണ്ടതായ ഒരു "നോവൽ"യുണ്ട്. ആ ഘട്ടം വരികതന്നെ ചെയ്യും.

അതാ ഒരു രംഗം എന്റെ മനോമുകുരത്തിൽ തെളിഞ്ഞു മറയുന്നു.

അന്ന് അങ്ങ് എവിടേക്കോ അടിയന്തിരമായി പോകുവാൻ തുനിയുകയായിരുന്നു. ഗേററിനു വെളിയിൽ റോഡിൽ കാറ് തയ്യാറായി നിൽപുണ്ടായിരുന്നു; അങ്ങ് ഗോവണിയിറങ്ങി വരാന്തയിലെത്തി. തോട്ടത്തിലുള്ള ഒററയടിപ്പാതയിലൂടെ മുൻപോട്ട് നീങ്ങി. അപ്പോഴാണ് ചാരിയിരുന്ന ഗേററും തുറന്ന് ഒരു സാധു ഭിക്ഷുകി അവിടെ ആവിർഭവിച്ചത്. അവളുടെ കയ്യിൽ ഒരു ശിശുവും ഉണ്ടായിരുന്നു. "അച്ഛാ പിച്ച തരണേ, കുഞ്ഞു വിശന്നു പൊരിയുന്നച്ഛാ" എന്ന് ദയനീയമായി നീട്ടി ഉരച്ചുകൊണ്ട് അവൾ ആ നഗ്നപാണി അങ്ങയുടെ നേരെ നീട്ടി. അങ്ങ് ഒന്നു രൂക്ഷമായി അവളെ നോക്കി. എന്തോ അലക്ഷ്യമായി പറയുവാൻ വാ പിളർന്നു: പെട്ടന്നങ്ങ് നിന്നു. മുഖം വിളറി വെളുത്തു. എന്തെല്ലാമോ വികാരം അവിടെ ക്ഷണത്തിൽ പാറിക്കൂടി.

അതുപോലെതന്നെ അവളും ഒന്നു ഞെട്ടിവിറച്ചോ എന്നു സംശയം. അസ്പഷ്ടമായി എന്തോ പറഞ്ഞുകൊണ്ടു തന്റെ ശിശുവിനെ മാറോടമർത്തിയിട്ട് അവൾ എങ്ങോ അതിവേഗത്തിൽ പാഞ്ഞുമറഞ്ഞു.

എന്തായിരുന്നിരിക്കാം കാരണം? അങ്ങ്—ഭിക്ഷുകി—ആ ശിശു. ഈ മൂവരേയും ബന്ധിപ്പിച്ചിരിക്കുന്ന ആ അദൃശ്യപാശമെന്തായിരിക്കാം! ഹയ്യോ! ഞാൻ വിചാരിക്കുന്നതു് പരമാർത്ഥമാണെങ്കിൽ—!

സ്വ[illegible]ത്തിന്റെ ആ ചേണാർന്ന പ്രഭാതത്തിൽ—യൗവനത്തിന്റെ ആ തീക്ഷ്ണദശയിൽ—നാണം തിരളുന്ന ചെറുമുകുളം വെമ്പൽ പൂണ്ടു വിടരുവാൻ ആരംഭം കൊള്ളുന്ന ആ മാദകകാലത്തിൽ, അങ്ങ് ഒരു മധുപനായി അണഞ്ഞിരിക്കാം.—എങ്കിലും ആ കോലം—ആ നീണ്ടു് ക്ഷീണിച്ചതായ മുഖം, ഉള്ളിലേക്കു വലിഞ്ഞ തിളക്കമററ കണ്ണുകൾ, ആ അസ്ഥിപഞ്ജരത്തിനു് ഒരു യവനിക ചാർത്തുന്ന ആ ചുക്കിച്ചുളിഞ്ഞ കറുത്ത തൊലി, നാണം മറയ്ക്കുവാൻ ആവതല്ലാത്ത കീറിപ്പറിഞ്ഞ വസ്ത്രശകലങ്ങൾ—ആ ശിശു! മാംസം വലിഞ്ഞു്, അസ്ഥികൾ എഴുന്നു്, ശരീരമാസകലം ചിരങ്ങുകൾകൊണ്ടു് നിറഞ്ഞു്; ലോകത്തെ തുറിച്ചുനോക്കുന്ന ആ ജീവനുള്ള ബീഭത്സയാഥാർത്ഥ്യം!!

പാവങ്ങളുടെ നേർക്കേ സമുദായം അലറുകയുള്ളൂ.

അങ്ങയെപ്പോലുള്ളവരുടെ പ്രവർത്തികളെ കണ്ണടച്ചു് കണ്ടില്ലെന്നു് നടിക്കുകയേയുള്ളൂ.

അങ്ങേയ്ക്കു് മനസ്സാക്ഷി എന്നൊന്നുണ്ടെങ്കിൽ ഒന്നു പിൻതിരിഞ്ഞു് നോക്കിയാലും.

ഇന്നു് അങ്ങ് സമുദായത്തിന്റെ നട്ടെല്ലാണു്. മഹാനാണു്. മഹാനായ നേതാവാണു്.

തീപ്പൊരിയൻ പ്രസംഗങ്ങൾ അങ്ങ് ചെയ്യും. ഏതു വിഷയത്തെക്കുറിച്ചാണു് അങ്ങ് പ്രസംഗിച്ചിട്ടില്ലാത്തതു്? "സത്യം, സമാധാനം, നീതി, സദാചാരം" എന്നു തുടങ്ങുന്ന കുറെ പദങ്ങൾ അങ്ങോളമിങ്ങോളം കൂട്ടിക്കലർത്തി അങ്ങ് പൊടിപൊടിയൻ പ്രസംഗങ്ങൾ നടത്തും.

എല്ലാ പൊതുയോഗങ്ങളിലും അങ്ങ് എന്നേയും "വലിച്ചിഴയ്ക്കു"മായിരുന്നു. അതു് അങ്ങയുടെ ഒഴിച്ചുകൂടാത്ത ഒരാവശ്യമായിരുന്നു. വൃദ്ധന്റെ തരുണിയായ ഭാര്യയെ ലോകത്തിനു കാട്ടിക്കൊടുക്കുവാൻ.

അന്നത്തെ ആ പൊതുയോഗം! അതു് ഒരു മദ്യവർജ്ജന മഹായോഗമായിരുന്നു. അന്നത്തെ അങ്ങയുടെ പ്രസംഗം! "മദ്യം ഒരു ശാപമാണു്. മഹാശാപം. അതു് മൃദുലമായ സിരാസഞ്ചയത്തെ തകരാറാക്കുന്നു. സ്വബുദ്ധിയെ നശിപ്പിക്കുന്നു. മദ്യം വിഷങ്ങളിൽ വെച്ചു് അതിഭയങ്കര വിഷമാണു്....എന്നു തുടങ്ങുന്ന ആ അങ്ങയുടെ ആ പ്രസംഗം! അതിനെ തുടർന്നുള്ള കരഘോഷം. ഒടുവിൽ ഹാരങ്ങളാൽ അങ്ങയുടെ ഗളം നിറഞ്ഞതു്.—അതിനെല്ലാം സാക്ഷിയായി ഈ ഞാനും.

ആ യോഗാനന്തരം ഗൃഹത്തിൽ പ്രവേശിച്ച അങ്ങ് ആദ്യമായി——ചെയ്തതെന്താണു്? മദ്യം!! മനുഷ്യരക്തം പോലെ ചുകന്ന ശീമമദ്യം!!!

പൊതുജനങ്ങൾ അങ്ങയെ വിശ്വസിക്കുന്നു; ദേവതുല്യനായി ഗണിക്കുന്നു. സ്വർഗ്ഗത്തിൽനിന്നും പൊഴിഞ്ഞു വീണ പതിനഞ്ചു ലക്ഷങ്ങളുടെ ഉദ്ധാരകനായ ദിവ്യാത്മാവാണു് അങ്ങെന്നു് അവർ കരുതുന്നു. എല്ലാം അവരങ്ങ

യിൽ സമർപ്പിച്ചിരിക്കുന്നു. അങ്ങാണു് അവരുടെ മഹാനായ നേതാവു്! അങ്ങു്!!

പൊതുജനമദ്ധ്യത്തിൽ പറയുന്ന ഓരോന്നും വിരുദ്ധമായി, അവയിൽ അങ്ങു് മുങ്ങിത്താഴുന്നു. ഹാ! പരസ്യമായി മറ്റൊന്നു്! കഷ്ടം! അങ്ങയുടെ നീതിബോധവും സന്മാർഗ്ഗചിന്തകളും!

ഇന്നും അങ്ങു് ആ കൊടിയ വഞ്ചന തുടരുകയാണു്. മൂകലക്ഷണങ്ങളിൽ നിന്നുകൊണ്ടു് വേതാളനൃത്തം ചവിട്ടുകയാണെന്നു്.

ഒന്നു് ഓർക്കുന്നതു കൊള്ളാം. എന്നും ഈ വഞ്ചന തുടർന്നുകൊണ്ടു പോകുവാൻ തരപ്പെടുകില്ല.

പൊതുജനങ്ങൾ തീപ്പൊരികളാണു്. ഒരു ചെറുകാറ്റുമതി ഒരാളികത്തലിനു്. ആ ആളിക്കത്തൽ അതിഭയങ്കരമാണു്. ആ അഗ്നിപ്രളയത്തിൽ ദഹിച്ചു ചാമ്പലാകാത്ത ദുഷ്ടത്വം കാണുകയില്ല. ഇതു് എന്നും ഓർക്കുന്നതുകൊള്ളാം.

കേവലം യുവതിയായിരുന്ന എന്നെ ഷഷ്ടിപൂർത്തി അടുക്കാറായ അങ്ങു വിവാഹം ചെയ്ത. എന്തായിരുന്നിരിക്കാം ഉദ്ദേശം?

ആ കരിപുരണ്ട നിമിഷങ്ങളോരോന്നും ഇതാ എന്റെ കൺമുമ്പിലൂടെ തെളിഞ്ഞു മറയുന്നു. കദനത്തിന്റെ കരിപുരണ്ട ആ ഓരോ നിമിഷങ്ങളും. അങ്ങു പുഞ്ചിരിച്ചുകൊണ്ടു് എനിക്കു പുടവ നൽകി. വിറയാർന്ന കരങ്ങളാൽ ഞാനതു വാങ്ങി. എന്നിൽ കണ്ട വിളർച്ചയും തളർച്ചയും, നവവധുവിന്റെ ലജ്ജയെന്നു കാണികൾ വിധിയെഴുതി. ഹാ! ആ നിമിഷങ്ങൾ! ഞാൻ ഹൃദയാന്തർഭാഗത്തു് അതീവ ലാളിച്ചു വളർത്തിയ ആയിരമായിരം പൊന്നോമനസ്വപ്നങ്ങളുടെ മാരണമണിനാദം മുഴക്കിയ ആ ദുരന്തനിമിഷങ്ങൾ!

വിഷാദത്തിന്റെ വിഷപ്പുക വ്യാപിച്ചിരുന്ന എന്റെ ഹൃദയാന്തർഭാഗത്തെ ആരും കണ്ടില്ല. ഞാൻ നിശ്ശബ്ദം കേണു.

അങ്ങയുടെ മണിമാളികയിൽ ഞാൻ ഒരു രാജ്ഞിക്കണക്കു വാണു. സുഖമായ ഊണു്, ഏറ്റവും വിലപിടിച്ച വസ്ത്രങ്ങൾ, രത്നഖചിതങ്ങളായ ആഭരണങ്ങൾ, എന്തിനും തയ്യാറായ ആശ്രിതലക്ഷം; എന്തുവേണ്ടാ എല്ലാം അവിടുണ്ടു്. അങ്ങയുടെ പണപ്പെട്ടിയും എന്റെ മുമ്പിൽ തുറന്നുതന്നെ വെച്ചിരുന്നു. ഒരു യുവതി അവയിൽ മുങ്ങിക്കുളിച്ചു്, ആ മണിമന്ദിരത്തിൽ ആടിയും പാടിയും കഴിച്ചുകൊള്ളുമെന്നു് അങ്ങു് കരുതിയിരിക്കാം.

മധുവിധുവിന്റെ ആ പ്രഥമരാത്രി. ഒരു സ്ത്രീക്കു് ഒരിക്കലും മറക്കുവാൻ ആകാത്ത—മറവിയുടെ കയത്തിൽ ഒരിക്കലും താണുപോകാത്ത ആ നിശ! എത്ര എത്ര സുന്ദരസ്വപ്നങ്ങൾക്കു്—വെൺസങ്കല്പങ്ങൾക്കു സാക്ഷാത്കാരമരുളേണ്ട ആ പ്രേമരാത്രി!

അന്നത്തെ അങ്ങയുടെ പ്രവൃത്തികൾ. വേശ്യാലയത്തിൽനിന്നും അഭ്യസിച്ചതെല്ലാം അങ്ങു് ആടി...—എന്തൊരു പേക്കൂത്തുകൾ! എല്ലാം ക്ഷണികമായ വിഷയേച്ഛയുടെ നഗ്നം......പിന്നെ ഒന്നുമില്ല. എല്ലാം ആറിത്തണുത്തുപോയി.

ഈ മൂന്നര സംവത്സരങ്ങളായി ഞാൻ അനുഭവിച്ചതെന്താണു്? കുന്നുകൂടികിടക്കുന്ന സ്വർണ്ണനാണയങ്ങളുടെ ഉപരിതലത്തിൽ പാർത്തതുകൊണ്ടു് ഒരു കാമിനീഹൃദയം തൃപ്തി അടയുകയില്ല. തത്തപോലെ പട്ടുവസ്ത്രങ്ങൾ ധരിച്ചതുകൊണ്ടും, പട്ടുമെത്തയിൽ ശയിച്ചതുകൊണ്ടും, പാലും പഴവും ഭുജിച്ചതുകൊണ്ടും, സംതൃപ്തി അവളെ തീണ്ടുകയില്ല. എന്നെന്നും അവൾ അഴലിൽ ഉഴലും, നിരാശയിൽ നീറും.

അവളുടെ ഓരോ ദിവസങ്ങളും കടന്നുപോകുന്നതു നീണ്ട നീണ്ട കോട്ടുവാകളിലൂടെയും, ചുടുനെടുവീർപ്പുകളിലൂടെയുമായിരിക്കും.

അങ്ങയോടു് എല്ലാം ഇന്നു പറയുകയാണു്. ഹൃദയം തുറന്നറിയിക്കുകയാണു്. എനിക്കങ്ങയെ ഭയമില്ല. ഭയപ്പാടിനു് അവകാശവുമില്ല.

ഞാൻ ഒരു ജീവിതസഖാവിനെ സമ്പാദിച്ചുകഴിഞ്ഞിരിക്കുന്നു. ഞങ്ങൾ ഒരുമിച്ചു ജീവിതയാത്ര തുടരുകയാണു്. അദ്ദേഹത്തെ നല്ലതിന്മണ്ണം അങ്ങറിയും. മോഹനചന്ദ്രൻ ബി.എ. അങ്ങയുടെ ഏറ്റവും അടുത്ത ഒരു ബന്ധു! അങ്ങയുടെ ബാങ്കിൽ തന്നെ ആയിരുന്നുവല്ലോ അദ്ദേഹത്തിനും ജോലി.

അങ്ങു മുഖം ചുളിക്കേണ്ട. എന്തിനു മുഖം ചുളിക്കണം? താരുണ്യം താരുണ്യത്തെ പുണർന്നു.

ഇതാ എന്റെ മുമ്പിലൂടെ ശാന്തസുന്ദരയായ ജമുന ഏതോ ദിവ്യമായ പ്രേമഗാനവും ആലപിച്ചുകൊണ്ടു കടന്നുപോകുന്നു. വിശ്വോത്തരപ്രേമചിഹ്നമായ ടാജ്മഹൽ ആ നിശ്ശബ്ദമായ നിൽപിൽ നിന്നുകൊണ്ടു്, എന്തെന്തു പ്രേമസന്ദേശങ്ങൾ അജ്ഞാതമായ ഭാഷയിൽ അരുളുന്നില്ലായിരിക്കാം!

ഞങ്ങൾ പോകട്ടെ. എവിടേക്കെന്നു ചോദിക്കേണ്ട. ഞങ്ങൾ അങ്ങനെ പോകും. താരുണ്യം താരുണ്യത്തിന്റെ പിറകെ.

———

# നിങ്ങളുടെ ഭാവി

ഒരു പുതുവർഷം നിങ്ങളോടു വളരെ സമീപിച്ചിരിക്കുന്നു. 1496-ൽ നിങ്ങൾക്കു സംഭവിക്കാനിരിക്കുന്ന ശുഭാശുഭ ഫലങ്ങളെപ്പററി നേരത്തെ അറിഞ്ഞിരിക്കേണ്ടതു് എത്രയും അത്യാവശ്യമാണു്. വ്യവസായാഭിവൃദ്ധി, ദൂരയാത്ര, ഉദ്യോഗലാഭം, വിവാഹം, പുത്രലാഭം ആദിയായവയെപ്പററി ശരിയായി ഫലം അറിയുന്നതിനു 3 ക. മാത്രം. ഭാവിയെപ്പററിയുള്ള അഞ്ചു ചോദ്യങ്ങൾക്കുത്തരം ½ ക.

മാനേജർ, ജൂപ്പിററർ ജ്യോതിഷനിലയം,

കോട്ടയം, തിരുവിതാംകൂർ,

---

# ഭദ്രാരു തൈലം

വാതരോഗങ്ങൾക്കു കൈകണ്ട മരുന്നു്. മരപ്പു്, തരിപ്പു്, വെട്ടൽ, സ്തംഭനം, നീർക്കെട്ടു് മുതലായവയെ ഉടനെ ശമിപ്പിക്കുന്നു.

രണ്ടു് ഔൺസു് കുപ്പി 1—ക്കു് 2 രൂപാ

# ശുക്ലസംരക്ഷിണീ ഗുളിക

ഇന്ദ്രിയസ്ഖലനം ഹേതുവായിട്ടു് കണ്ണുകുഴിഞ്ഞും കവിളൊട്ടിയും വികൃതരൂപികളായവരും ശീഘ്രസ്ഖലനത്താൽ നിരാശരായവരും ധാതുപുഷ്ടിക്കുവേണ്ടി ശുക്ലസംരക്ഷിണീ ഗുളികതന്നെ സേവിക്കണം. ഡസൻ 1—ക്കു് ½ രൂപാ മാത്രം.

കെ. കെ. വൈദ്യൻ, ധന്വന്തരി വൈദ്യശാല,

കോട്ടയം, തിരുവിതാംകൂർ.

---

# തച്ചുശാസ്ത്രം

സംബന്ധിച്ച എല്ലാ ആവശ്യങ്ങൾക്കും ആ വിഷയത്തിൽ പണ്ടേയ്ക്കു പണ്ടേ പ്രസിദ്ധിനേടിയ കാണിപ്പയ്യൂർമനയ്ക്കലെ ഇന്നത്തെ പണ്ഡിതനായ ശങ്കരൻനമ്പൂതിരിപ്പാടവർകൾക്കെഴുതിയാൽ മതി.

A O & P. O. കുന്നംകുളം.


Printed and Published by P. J. Joseph at thr Powra Prabha Press, Kottayam.

REG. T. 7 License No. 368 Dated 1st March 1939

# CHITHRODAYAM KOTTAYAM.

## ജൂപ്പിററർ പദപ്രശ്നം.

— ട്ട — ഒരു സ്ഥലനാമം.
— — ടം. ഒരു നക്ഷത്രം
— ണ്ണ്. നന്നാക്കിയാൽ നന്നാവും.
— — രി. പക്ഷങ്ങളിൽ ഒന്ന്.
വ — യാത്രയ്ക്കു വളരെ സഹായമാണ്.

ഒരു — ഡാഷിന് ഒരക്ഷരം വീതം ഉപയോഗിച്ച് പൂരിപ്പിക്കണം.

ആദ്യത്തെ ഉത്തരത്തിന് 8 ണ. പിന്നീടുള്ള ഓരോ ഉത്തരങ്ങൾക്കും 4 ണ. വീതം. വെള്ള കടലാസിൽ എഴുതിയയച്ചാൽ മതിയാകും.

ഡിസംബർ 30-ാംനു-വരെയുള്ള ഉത്തരങ്ങൾ സ്വീകരിക്കും. ഡിസംബർ 8-ാംനു-യിലെ ചിത്രോദയത്തിൽ ഉത്തരം പരസ്യം ചെയ്യുന്നതായിരിക്കും.

ഒന്നാം സമ്മാനം **150** ക. രണ്ടാം സമ്മാനം **50** ക. മൂന്നാം സമ്മാനം **25** ക.

സീൽവച്ചു സൂക്ഷിച്ചിരിക്കുന്ന ഉത്തരത്തോടു ശരിയായി ഉത്തരം കിട്ടുന്നവർക്കു ഒന്നാം സമ്മാനം. ഒരു തെറ്റുകാർക്കു രണ്ടാം സമ്മാനം. മൂന്നു തെറ്റുകാർക്കു മൂന്നാം സമ്മാനം. ഒരു സമ്മാനത്തിനു ഒന്നിലധികം സമ്മാനാർഹരുണ്ടെങ്കിൽ തുക സമമായി വീതിക്കും.

ജൂപ്പിററർ പദപ്രശ്നം, കോട്ടയം.


## ചിത്രോദയം

പ്രശംസാപാത്രമായ ചിത്രങ്ങൾ പ്രസിദ്ധീകരിക്കുന്ന മലയാളത്തിലെ ഏകവാരിക.

വള്ളത്തോൾ, ശങ്കരക്കുറുപ്പ്, ചങ്ങമ്പുഴ, പൊൻകുന്നം, പോത്തൻ, തകഴി, എം. പി. പോൾ, എസ്സ്. ഗുപ്തൻനായർ, ചേലനാട്ട് അച്യുതമേനോൻ, മുതലായവരുടെ തൂലികാവിലാസരംഗം.

വരിസംഖ്യ [illegible]
3 മാസത്തേക്ക് 2 രൂപാ
6 മാസത്തേക്ക് 3½ രൂപാ

N. B. ഒററപ്രതി കളരിക്കൽ ബസ്സാറിലെ നാഷണൽ ബുക്ക്സ്റ്റോളിൽ കിട്ടുന്നതാണ്.





Manufactured by
G. V. PHARMACY,
Ettumanoor.
Travancore.